# കളരി

വോള്യം : 48 പതിപ്പ് : 01

31 ജനുവരി 2026

കേരള സർവകലാശാല കമ്യൂണിക്കേഷൻ & ജേണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം





*പേജ് 03*
*മുട്ടത്തോടിലെ ക്യാൻവാസ്*





*പേജ് 06 & 07*
*തിരശീല മുതൽ ഓ.ടി.ടി വരെ*





*പേജ് 10*
*സ്വർണമുടിക്കാരൻ ചക്രവർത്തിയും കിട്ടാതെപോയ സമ്മാനവും*





*പേജ് 11*
*കുട്ടിക്കളിയല്ല ഈ സ്പോർട്സ്*



# കേരള സർവകലാശാലയുടെ മണ്ണിടിച്ചിൽ മുന്നറിയിപ്പ് സംവിധാനത്തിന് പേറ്റന്റ്

**ആതിര ജി. എസ്.**
കാര്യവട്ടം

മണ്ണിടിച്ചിൽ മുൻകൂട്ടി അറിയാനും തത്സമയം മുന്നറിയിപ്പ് നൽകാനും കഴിയുന്ന നൂതന സംവിധാനം സംവിധാനം കേരള സർവകലാശാലയിൽ നിന്നും ജനങ്ങളിലേക്ക്.

കേരള സർവകലാശാല ഭൂമിശാസ്ത്ര വിഭാഗം (ജിയോളജി) പ്രൊഫസറായ ഡോ സജിൻ കുമാർ കെ എസ്സാണ് സ്ലോപ്പ് ഇൻസ്റ്റെബിലിറ്റി പ്രെഡിക്ടർ -കേരള (സ്ലിപ് കെ) എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചത്. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു സംവിധാനത്തിന് പേറ്റന്റ് ലഭിക്കുന്നത്. ദുരന്ത നിവാരണ രംഗത്ത് വലിയ മുന്നേറ്റത്തിന് ഇത് വഴിയൊരുക്കുമെന്നാണ് വിലയിരുത്തൽ.

2018 മുതൽ കേരളത്തിൽ മാത്രം ഏകദേശം 1200ഓളം പേർക്കാണ് മണ്ണിടിച്ചിലിൽ ജീവൻ നഷ്ടപ്പെട്ടത്. ഇത്തരമൊരു സാഹചര്യത്തിൽ, ഈ മൊബൈൽ ആപ്പിന് വലിയ പ്രാധാന്യമുണ്ട്. മലയോര മേഖലകളിലൂടെ ദേശീയ പാതകളുടെ നിർമ്മാണം പുരോഗമിക്കുന്ന ഈ വേളയിൽ, ജനങ്ങൾക്ക് ഇത് വലിയ ആശ്വാസമാകും.



*സ്ലോപ്പ് ഇൻസ്റ്റെബിലിറ്റി പ്രെഡിക്ടർ - കേരള (സ്ലിപ് കെ) ആപ്ലിക്കേഷന്റെ യൂസർ ഇന്റർഫെയ്സ്*

'മണ്ണിടിച്ചിൽ മുന്നറിയിപ്പ് സാങ്കേതികവിദ്യയ്ക്ക് ലഭിക്കുന്ന ആദ്യ പേറ്റന്റാണിത്. വിദേശ രാജ്യങ്ങളിൽ സമാനമായ സംവിധാനങ്ങൾ ഉണ്ടെങ്കിലും, തത്സമയം മുന്നറിയിപ്പ് നൽകുന്നു എന്നതാണ് സ്ലിപ് കെ യുടെ പ്രത്യേകതയെന്ന് ഡോ സജിൻ വ്യക്തമാക്കി. സ്ലിപ് കെ ആപ്ലിക്കേഷനുള്ളിലെ മാപ്പിൽ ഏതെങ്കിലും ഒരു സ്ഥലം ടാഗ് ചെയ്താൽ, ആ പ്രദേശത്തെ അടിയന്തര മുന്നറിയിപ്പുകൾ അപ്പോൾ തന്നെ ലഭിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

15 മിനിറ്റ് ഇടവേളയിൽ ആപ്പ് മുന്നറിയിപ്പുകൾ നൽകും. വർഷങ്ങളായി ദുരന്തനിവാരണ രംഗത്ത് നിലനിന്നിരുന്ന വലിയ കുറവാണ് സ്ലിപ് കെ നികത്തുന്നത്. മഴയുടെ അളവും പ്രദേശത്തിന്റെ ഭൂപ്രകൃതി വിവരങ്ങളും വിശകലനം ചെയ്താണ് ആപ്പ് മുന്നറിയിപ്പുകൾ നൽകുന്നത്. ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ, ജിയോസ്പേഷ്യൽ മാപ്പിംഗ് എന്നിവ വഴിയാണ് ആപ്ലിക്കേഷൻ തത്സമയമായി മഴയുടെ അളവ് ശേഖരിക്കുന്നത്. ഈ വിവരം അടിസ്ഥാനമാക്കിയാണ് പ്രദേശത്തിന്റെ മണ്ണിടിച്ചിൽ സാധ്യതയുമായി ബന്ധപ്പെട്ട അപകടസാധ്യതയുടെ തോത് നിർണ്ണയിക്കുന്നത്. അപകടസാധ്യതയുടെ തീവ്രത അനുസരിച്ച് പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് എന്നീ നാല് വിഭാഗങ്ങളിലായിട്ടാണ് മുന്നറിയിപ്പുകൾ നൽകുന്നത്.

സർക്കാർ ഏജൻസികൾക്ക് പുറമെ റിസോർട്ടുകൾ, പ്ലാന്റേഷനുകൾ തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങൾക്കും ഈ സംവിധാനം പ്രയോജനപ്പെടുത്താനാകും.

ദേശീയ തലത്തിൽ ഇപ്പോൾ മണ്ണിടിച്ചിൽ മുന്നറിയിപ്പ് നൽകുന്നത് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയാണ്. ജിഎസ്ഐയുടെ സാങ്കേതികവിദ്യയും സ്ലിപ് കെയും സംയോജിപ്പിക്കുന്നതിനായുള്ള ചർച്ചകൾ നടന്നുവരുകയാണ്. വയനാട്, ഇടുക്കി തുടങ്ങിയ പ്രദേശങ്ങളിൽ മുന്നറിയിപ്പ് സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് ഈ നീക്കം.

സ്ലിപ് കെ ഇതിനോടകം ഇടുക്കിയിൽ എട്ട് ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളുടെ സഹായത്തോടെ വിജയകരമായി ഫീൽഡ് ടെസ്റ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. മണ്ണിടിച്ചിൽ സാധ്യത കൂടുതലുള്ള പ്രദേശമായിട്ടും ഇടുക്കിയിൽ നിലവിൽ തത്സമയ മുന്നറിയിപ്പ് സംവിധാനമില്ല. 2018ൽ കേരളത്തിൽ രേഖപ്പെടുത്തിയ 4728 മണ്ണിടിച്ചിലുകളിൽ 2223 എണ്ണവും ഇടുക്കിയിലായിരുന്നു. 'ഇടുക്കി ജില്ല മുഴുവൻ കവർ ചെയ്യാൻ കുറഞ്ഞത് 50 റെയിൻ ഗേജുകളെങ്കിലും ആവശ്യമാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കുകയാണെങ്കിൽ, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്ക് എല്ലാ വാർഡുകളിലെയും മണ്ണിടിച്ചിൽ സാധ്യത ഈ ആപ്പ് വഴി നിരീക്ഷിക്കാൻ കഴിയുമെന്ന് ഡോ. കുമാർ കൂട്ടിച്ചേർത്തു. ദുരന്തനിവാരണത്തിനും ദുരന്ത ലഘൂകരണത്തിനും നിർണായകമായ ഒരു ഉപാധിയായി സ്ലിപ് കെ മാറുമെന്നാണ് തന്റെ പ്രതീക്ഷയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



*ഡോ സജിൻ കുമാർ കെ എസ്*





# മാക്സ്‌വെൽ ഫെർണാണ്ടസ് ജേണലിസം പുരസ്കാരം സമ്മാനിച്ചു

**യദു എ. വി.**
കാര്യവട്ടം

2024 ലെ മാക്സ് വെൽ ഫെർണാണ്ടസ് ജേണലിസം അവാർഡ് ദി ന്യൂസ് മിനിറ്റ് സ്ഥാപകയും എഡിറ്റർ ഇൻ ചീഫുമായ ധന്യ രാജേന്ദ്രന് സമ്മാനിച്ചു.

കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം വകുപ്പിന്റെ സ്ഥാപക മേധാവിയായ പ്രൊഫസർ മാക്സ്‌വെൽ ഫെർണാണ്ടസിന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ കുടുംബവും വകുപ്പിലെ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയായ എംസിജെ അലുമ്നി അസോസിയേഷനും സംയുക്തമായി ഏർപ്പെടുത്തയതാണ് അവാർഡ്.

നവമാധ്യമങ്ങൾ ഉത്തരവാദിത്വത്തോടെ ഉപയോഗിച്ച് സ്വതന്ത്രവും ധീരവുമായ മാധ്യമ പ്രവർത്തനം നടത്തുന്ന പോർട്ടലായ ദി ന്യൂസ് മിനിറ്റിനെ വളർത്തിയെടുക്കാൻ സാധിച്ചതാണ് ധന്യയെ ഈ അവാർഡിന് അർഹയാക്കിയത്.



*ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ സിന്ധു സൂര്യകുമാറിൽ നിന്ന് മാക്സ്‌വെൽ ഫെർണാണ്ടസ് പുരസ്കാരം ഏറ്റുവാങ്ങുന്ന ധന്യ രാജേന്ദ്രൻ.*

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ നടന്ന ചടങ്ങിൽ ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ സിന്ധു സൂര്യകുമാർ ധന്യയ്ക്ക് അവാർഡ് സമ്മാനിച്ചു.

കൂടാതെ 2020 ലെ മാക്സ്‌വെൽ ഫെർണാണ്ടസ് അവാർഡിന് അർഹത നേടിയ അഴിമുഖം, പ്രത്യേക ജൂറി പുരസ്കാരത്തിന് അർഹത നേടിയ ദി ക്യൂ എന്നിവർക്ക് ഉള്ള അവാർഡുകളും ചടങ്ങിൽ സമ്മാനിച്ചു.

അഴിമുഖം പോർട്ടലിനെ പ്രതിനിധീകരിച്ച് എഡിറ്റർ ശ്രീജിത്ത് ദിവാകരനും ദി ക്യൂവിനെ പ്രതിനിധീകരിച്ച് സി പി സത്യരാജും സിന്ധു സൂര്യകുമാറിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി.

വകുപ്പ് മേധാവി ഡോ. രാജേഷ് കുമാർ ബി എം, എംസിജെ അലുമ്നി സെക്രട്ടറി ജോ ജോസഫ്, അവാർഡ് ജൂറി എസ് ഡി പ്രിൻസ്, അസിസ്റ്റന്റ് പ്രൊഫസർ മാഗി ജെ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

അവാർഡ് ദാനച്ചടങ്ങിന് ശേഷം ഡിജിറ്റൽ എല്ലാം ഏറ്റെടുക്കുമോ? എന്ന വിഷയത്തിൽ പാനൽ ചർച്ചയും നടന്നു.

# കാര്യവട്ടം കാമ്പസിന് പുതിയ കവാടം

പാർവതി എ. എസ്.
കാര്യവട്ടം

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിനെ നവീകരണത്തിന്റെ പുതുതലത്തിലേക്ക് രൂപാന്തരപ്പെടുത്തി സ്മാർട്ട് കാമ്പസ് പദ്ധതി. പ്രവേശനകവാട നിർമാണത്തിന്റെ ഭാഗമായി രൂപംകൊണ്ട 'എൻട്രൻസ് ഗേറ്റ് പ്രൊജക്റ്റി'ലൂടെയാണ് സ്മാർട്ട് ക്യാമ്പസ് പദ്ധതി എന്ന പുതുനയത്തിലേക്ക് കാമ്പസിനെ എത്തിച്ചത്. എന്നാൽ കവാടനിർമാണത്തിലേക്ക് മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല ഈ പദ്ധതി.



കാമ്പസിന്റെ പുതിയ പ്രവേശനകവാടത്തിലെ ഡോ എസ് രാധാകൃഷ്ണൻ ടവർ

ഏകദേശം 1800 ചതുരശ്രമീറ്റർ ഉൾകൊള്ളുന്ന ഈ പദ്ധതിയുടെ രൂപകല്പനയും മേൽനോട്ടവും വഹിച്ചത് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന്റെ കൺസൾട്ടൻസി സെല്ലാണ്. കേരളസർവകലാശാലയുടെ എഞ്ചിനീയറിംഗ് യൂണിറ്റാണ് ടെൻഡറിങ്ങും നിർമാണ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചത്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷമായി ക്യാമ്പസിൽ വലിയ നവീകരണങ്ങളൊന്നും നടന്നിരുന്നില്ല. പഴയ റോഡിന്റെ വീതി നിലവിലെ ഗതാഗതത്തിന് പര്യാപ്തമല്ലായിരുന്നു. ഇതുമൂലം ഗതാഗതത്തിന്റെയും, കാൽനടയാത്രക്കാരുടെയും നിയന്ത്രണം ബുദ്ധിമുട്ടുള്ളതായിരുന്നു. ഈ സാഹചര്യങ്ങൾ കണക്കിലെടുത്താണ് എൻട്രൻസ് ഗേറ്റ് പ്രൊജക്റ്റ് എന്ന പദ്ധതി രൂപീകരിച്ചത്. ഏകദേശം ഒന്നരക്കോടിയോളം രൂപ ചിലവഴിച്ചാണ് ഈ പദ്ധതി പൂർത്തിയാക്കിയത്. കവാടം കൂടാതെ വാഹന ഗതാഗതത്തിനും, കാൽനടയാത്രക്കർക്കും അനുയോജ്യമായ വിശാലമായ റോഡുകളും നടപ്പാതകളും നിർമ്മിച്ചു. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണനകളും സൗകര്യങ്ങളോടുമുള്ള ഗതാഗത സൗകര്യമാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുള്ളത്. മെച്ചപ്പെട്ട ക്യാമ്പസ് സുരക്ഷ ഉറപ്പുവരുത്തുന്നത്തിനായി സുരക്ഷ കാബിനുകൾ, പ്രവേശന കാവടത്തിലൂടെയുള്ള വാഹനങ്ങളുടെയും, വ്യക്തികളുടെയും പ്രവേശന-പുറപ്പെടൽ നിയന്ത്രണം എന്നിവ കൈവരിച്ചു. കൂടാതെ ഭാവിയിൽ പുതുക്കിപണികൾ ആവശ്യമായിവന്നാൽ സുഖമമാകുന്നതിനായി ഡക്റ്റുകളും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സൗത്ത് ബ്ലോക്കിലേക്ക് പോകുന്ന പാത പുതുക്കിപ്പണിതത് ഗതാഗതം കൂടുതൽ ക്രമീകരിക്കാനും സുരക്ഷിതമാക്കാനും സഹായിച്ചു. അർദ്ധരാത്രി വരെ ക്യാമ്പസ് പ്രവർത്തിക്കുന്നതിനാൽ ക്യാമ്പസ്സിന്റെ എല്ലാ ഭാഗങ്ങളിലും നവീകരിച്ച ലൈറ്റിങ് സംവിധാനങ്ങളും സ്ഥാപിച്ചു ക്യാമ്പസിൽ പരിസ്ഥിതി സൗഹാർദം നിലനിർത്തുന്നതിനായി വൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു.

പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പ്രധാന കവാടത്തിൽ മുൻ രാഷ്ട്രപതി ഡോ. എസ് രാധാകൃഷ്ണന്റെ പേരിലുള്ള സ്മാരക ഫലകം സ്ഥാപിച്ചിട്ടുണ്ട്.

1960ൽ കാര്യവട്ടം ക്യാമ്പസ് ഉദ്ഘാടനം ചെയ്തതിന്റെ അനുസ്മരണാർത്ഥം ഇതിന് ഡോ. എസ് രാധാകൃഷ്ണൻ ടവർ എന്ന പേരാണ് നൽകിയിരിക്കുന്നത്.

# കാർണിവലിന് മാറ്റുകൂട്ടി തോൽപ്പാവക്കൂത്ത് പ്രകടനം

ആതിര ജി. എസ്.
കാര്യവട്ടം

കാമ്പസ് കാർണിവലിന്റെ മുഖ്യ ആകർഷണമായി തോൽപ്പാവക്കൂത്ത് പ്രകടനം. പാലക്കാട് തോൽപ്പാവക്കൂത്ത് കലാ കേന്ദ്രത്തിലെ കലാകാരന്മാരാണ് വിദ്യാർത്ഥികളെ വിസ്മയിപ്പിച്ച അവതരണം കാഴ്ചവച്ചത്.

കേരളത്തിലും തമിഴ്നാട്ടിലും കണ്ടുവരുന്ന നിഴൽ പാവക്കളിയുടെ ഒരു പരമ്പരാഗത രൂപമാണ് തോൽപ്പാവക്കൂത്ത്. സാധാരണയായി ഭദ്രകാളി ക്ഷേത്രങ്ങളിൽ അവതരിപ്പിക്കുന്ന ഒരു അനുഷ്ഠാനകലയാണിത്. കമ്പ രാമായണത്തെ അടിസ്ഥാനമാക്കി, മൃഗങ്ങളുടെ തുകൽ കൊണ്ട് നിർമ്മിച്ച പാവകളെ വെളുത്ത തിരശ്ശീലയിൽ എണ്ണവിളക്കുകളുടെ വെളിച്ചത്തിന്റെ സഹായത്തോടെ നിഴൽ രൂപത്തിൽ അവതരിപ്പിക്കുന്നു.

ഈ കലാരൂപത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനുമുള്ള കേന്ദ്രങ്ങളാണ് തോൽപാവക്കൂത്ത് കലാകേന്ദ്രങ്ങൾ.

സങ്കീർണ്ണമായി രൂപകൽപ്പന ചെയ്ത തുകൽ പാവകൾ ഉപയോഗിച്ച്, കലാകാരന്മാർ രാമായണത്തിലെ രംഗങ്ങൾ പുനരാവിഷ്കരിച്ചു. വെളിച്ചം, സംഗീതം, കഥപറച്ചിൽ എന്നിവയുടെ മാന്ത്രികമായ സംയോജനമാണ് തോൽപാവകൂത്ത്.

ക്യാമ്പസിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് ഇതൊരു അവിസ്മരണീയമായ അനുഭവമായിരുന്നു.



ക്യാമ്പസിൽ നടന്ന തോൽപ്പാവക്കൂത്ത് പ്രകടനം



ശ്രീകാര്യം മേൽപ്പാത പൂർത്തിയാകുമ്പോൾ. ഒരു ഗ്രാഫിക് ദൃശ്യം (കടപ്പാട്: ഇനാവിസ് ഡിസൈൻ സ്റ്റുഡിയോ

# ശ്രീകാര്യത്ത് മേൽപ്പാത ഉയരുന്നു

അഭിൻ പി. എസ്.
ശ്രീകാര്യം

തലസ്ഥാന നഗരിയുടെ മുഖഛായ തന്നെ മാറ്റുന്ന പദ്ധതിയാണ് അനന്തപുരി മെട്രോ. ഇതിന്റെ ഭാഗമായി തലസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും മേൽപ്പാത നിർമാണം നടന്നുകൊണ്ടിരിക്കുകയാണ്. നഗരത്തിലെ ഗതാഗതം സുഗമവും കൂടുതൽ സൗകര്യപ്രദമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. തിരുവനന്തപുരം മെട്രോയുടെ ആദ്യപടിയാണ് ശ്രീകാര്യം മേൽപ്പാത.

മേൽപ്പാത നിർമാണത്തിന് ഒപ്പം ഇതിനായി ഭൂമി ഏറ്റെടുക്കൽ, ഭാവി മെട്രോ റെയിലിന്റെ പാതയുടെ നിർമാണം, സർവീസ് റോഡുകളുടെ നിർമാണം, മഴവെള്ളം ഒഴുക്കിവിടാനായുള്ള ഓടകളുടെ നിർമാണം എന്നിവയാണ് ആദ്യഘട്ട വികസനങ്ങൾ.

ശ്രീകാര്യം മേൽപ്പാതയുടെ ഏകദേശ നീളം 535 മീറ്റർ ആയിരിക്കും. ഇതിന്റെ ഇരുവശത്തും 5.5 മീറ്റർ വീതിയുള്ള സർവീസ് റോഡുകളും, കാൽനട പാതകളും ഉണ്ടായിരിക്കും. പ്രധാന മെട്രോ റെയിലിന്റെ പാതയ്ക്കായിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് അന്തിമഘട്ടത്തിലാണ്.

സർവീസ് റോഡുകളുടെ നിർമാണവും കാൽനടയ്ക്കുള്ള പാതയുടെ നിർമാണവും മൂന്നു മാസത്തിനുള്ളിൽ പൂർത്തികരിക്കുന്നതിലൂടെ യാത്രക്കാർക്ക് സുഗമമായ ഗതാഗതം ഉറപ്പാക്കും. കിഫ്ബിയാണ് പദ്ധതിയ്ക്ക് 177 കോടി രൂപയുടെ ധനസഹായം നൽകുന്നത്.

# 5300 വർഷം പഴക്കമുള്ള ഹാരപ്പൻ അവശിഷ്ടങ്ങൾ കണ്ടെത്തി സർവകലാശാലാ ആർക്കിയോളജി വകുപ്പ്

ആതിര ജി. എസ്.
കാര്യവട്ടം

5300 വർഷം പഴക്കമുള്ള പ്രാചീന ഹാരപ്പൻ മനുഷ്യവാസയിടങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തി കേരള സർവകലാശാല ആർക്കിയോളജി വകുപ്പ്.

ഗുജറാത്തിലെ കച്ച് മേഖലയിലെ ലഖാപർ ഗ്രാമത്തിലാണ് അവശിഷ്ടങ്ങൾ കണ്ടെത്തിയത്. പ്രാരംഭ ഹാരപ്പൻ ശവസംസ്കാര സ്ഥലത്തോടുചേർന്ന താമസസ്ഥലം കണ്ടെത്തുന്നത് ഇത് ആദ്യമാണ്. ഇപ്പോൾ വരണ്ടു കിടക്കുന്ന ഗാന്ധി നദിക്കരയിൽ സ്ഥിതി ചെയ്യുന്ന മൂന്ന് ഹെക്ടർ സ്ഥലം 2022ൽ കേരള സർവകലാശാല പുരാവസ്തുപഠനവകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ അഭയൻ ജി.എസ്., രാജേഷ് എസ്.വി എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ആദ്യമായി തിരിച്ചറിഞ്ഞത്.



ലഖാപർ ഉദ്ഖനന മേഖലയുടെ ആകാശദൃശ്യം. (ചിത്രം; ദി ഹിന്ദു)

മൂന്ന് വർഷമായി മേഖലയിൽ നടത്തിയ തെരച്ചിലിൽ അടക്കം ചെയ്ത മനുഷ്യന്റെ അസ്ഥികളുടെ അവശിഷ്ടങ്ങൾ, പാത്രങ്ങൾ, ശംഖുകളുടെ ഭാഗങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്.

പ്രാരംഭ ഘട്ട ഹാരപ്പൻ സംസ്കാരത്തിന്റെ നിരവധി തെളിവുകൾ ഗവേഷകർ ശേഖരിച്ചിട്ടുണ്ടെങ്കിലും മനുഷ്യവാസത്തിന്റെ തെളിവുകൾ ഇതാദ്യമാണ് ലഭിക്കുന്നതെന്ന് ഡോ രാജേഷ് വ്യക്തമാക്കി.

ഗഡൂലി ലഖാപർ റോഡിന് ഇരുവശങ്ങളിലായി മൂന്ന് ഹെക്ടറിലാണ് അവശിഷ്ടങ്ങൾ കണ്ടെത്തിയത്. പടിഞ്ഞാറൻ കച്ചിൽ ഹാരപ്പൻ കേന്ദ്രങ്ങളുടെ ശൃംഖല കണ്ടെത്താനുള്ള ഉദ്യമങ്ങളുടെ തുടർച്ചയാണ് ലഖാപറിലെ ഉദ്ഖനനം. 2019 –22 കാലഘട്ടത്തിൽ ജുനഘട്ടിയയിലും 2024 ൽ പട്താബേത്തിലും നടത്തിയ ഉദ്ഖനനത്തിന്റെ തുടർച്ചയാണ് 2025 മേയിൽ ലഖാപറിൽ ആരംഭിച്ച ഖനനം.

ഹാരപ്പൻ സംസ്കാരത്തെ പ്രാരംഭഘട്ടം, മധ്യാന ഘട്ടം, അന്തിമഘട്ടം എന്നിങ്ങനെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. ഇതിൽ 3300 ബിസിഇ മുതൽ 2600 ബിസിഇ വരെ പ്രാഥമിക ഘട്ടവും 2600 ബിസിഇ മുതൽ 1900 ബിസിഇ വരെ മധ്യാന ഘട്ടവും 1900 ബിസിഇ മുതൽ 1300 ബിസിഇ വരെ അന്തിമഘട്ടവുമാണ്.

കച്ചിലെ വരണ്ട പ്രദേശമാണ് തെളിവുകൾ ലഭിച്ച ലഖാപർ മേഖല. ഈ മേഖലയിലും പ്രാരംഭ ഹാരപ്പൻ കാലത്ത് മനുഷ്യർ കൂട്ടമായി സഹവസിച്ചിരുന്നുവെന്നതിന്റെ തെളിവുകളാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്.

വലിയ കല്ലുകൊണ്ടുള്ള കെട്ടിടാവശിഷ്ടങ്ങൾ, ശവസംസ്കാരത്തെളിവുകൾ, മൺപാത്രങ്ങൾ, മുത്തുകൾ, വളകൾ തുടങ്ങിയവ സംഘം കണ്ടെടുത്തിട്ടുണ്ട്.

കൂടാതെ ഗുജറാത്തിലെ മൂന്ന് സ്ഥലങ്ങളിൽ മാത്രം മുമ്പ് കണ്ടെത്തിയ അപൂർവ പ്രീ പ്രഭാസ് മൺപാത്രശേഖരങ്ങളും ഇതിനൊപ്പം ലഭിച്ചിട്ടുണ്ട്. പ്രാരംഭ ഹാരപ്പൻ ജനതയ്ക്ക് പ്രാദേശിക ചെമ്പ് ശിലായുഗ സമൂഹങ്ങളുമായുള്ള ബന്ധം സൂചിപ്പിക്കുന്നവയാണ് പ്രത്യേക രൂപമുള്ള ഈ പാത്രങ്ങളെന്നാണ് ഗവേഷകർ പറയുന്നത്.

കണ്ടൽക്കാടുകൾ ആധിപത്യം പുലർത്തുന്ന ഭൂപ്രകൃതിയിൽ അധിവസിച്ചിരുന്ന ആദ്യകാല സമൂഹങ്ങൾ ഷെൽസ്പീഷീസുകളെ (മുത്തുച്ചിപ്പികളും ഗ്യാസ്ട്രോപോഡുകളും പോലുള്ളവ) പ്രധാന ഭക്ഷണസ്രോതസായി ആശ്രയിച്ചിരുന്നെന്നും പഠനം വ്യക്തമാക്കുന്നു.

കേരള സർവകലാശാലയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതിയിൽ രാജ്യത്തിനകത്തും പുറത്തുമുള്ള അനേകം ഗവേഷണ സ്ഥാപനങ്ങൾ പങ്കാളികളാണ്.



ലഖാപർ മേഖലയിൽ ഉദ്ഖനനം നടത്തുന്ന ഗവേഷണ സംഘം (ചിത്രം; ദി ഹിന്ദു)

# മുട്ടത്തോടിലെ ക്യാൻവാസ്

ഹിരൺ എച്ച്. സി.
തിരുവനന്തപുരം



ജിജിൻ എസ് കുമാർ

തിരുവനന്തപുരം നെല്ലിമൂട് സ്വദേശിയായ ജിജിൻ പ്രൊഫഷണലി ഒപ്റ്റോമെട്രിസ്റ്റ് ആണെങ്കിലും മുട്ടത്തോടിൽ കൈകൊണ്ടു മായാജാലം തീർക്കുന്ന മജിഷ്യൻ കൂടിയാണ്. രണ്ട് ലോക റെക്കോർഡാണ് മുട്ടത്തോടിലെ കരവിരുതിലൂടെ ഈ ചെറുപ്പക്കാരൻ നേടിയെടുത്തത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ശില്പം മുട്ടയിൽ തീർത്ത പ്രായം കുറഞ്ഞ ശില്പി എന്ന ലോക റെക്കോർഡും ഒരു കോഴിമുട്ടയിൽ മുട്ട പൊട്ടാതെ 12500 സുഷിരങ്ങൾ നിർമിച്ചതിനുള്ള ലോക റെക്കോർഡുമാണ് ജിജിൻ സ്വന്തമാക്കിയത്. പല്ലിയുടെയും പക്ഷികളുടെയും മുട്ടയിൽ വരെ തീർത്ത ശിൽപങ്ങൾ ഈ കലാകാരന്റെ കൈവശം ഉണ്ട്.

മലയാളികൾക്ക് മാത്രമല്ല ഇന്ത്യക്കാർക്ക് തന്നെ അധികം പരിചയമില്ലാത്ത കലാസൃഷ്ടിയാണ് മുട്ടത്തോടിലെ ശില്പങ്ങൾ. ചെറുപ്പം മുതലേ കലയോട് അഭിരുചി വളർത്തിയെടുത്ത ജിജിൻ ഫേസ്ബുക്കിൽ കണ്ട ഫോട്ടോയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഈ മേഖലയിലേക്ക് എത്തുകയായിരുന്നു.

വളരെ സൂക്ഷ്മതയോടെ ചെയ്യണം എന്നതാണ് പ്രധാനം. എൻസൈക്കിളോപീഡിയ ഓഫ് വേൾഡ് എഗ്ഗ് ആർട്ടിസ്റ്റ് അസോസിയേഷനിൽ അംഗമാണ് ജിജിൻ. ഇവരുടെ കണക്ക് പ്രകാരം 1400 ഓളം പേരാണ് ലോകത്തിൽ ഗൗരവത്തോടെ മുട്ടത്തോടിൽ കരവിരുത് തീർക്കുന്ന ശില്പികൾ. അതിൽ 99% പേർക്കും എമുവിന്റെയും ഒട്ടകപക്ഷിയുടെയും മുട്ടകളാണ് ക്യാൻവാസ്. ഇരുപതോളം പേരാണ് കോഴിയുടെയും താറാവിന്റെയും മുട്ടയിൽ വിസ്മയം തീർക്കുന്നത്.

അസോസിയേഷനിൽ അംഗമായിട്ടുള്ള ഇന്ത്യയിൽ നിന്നുള്ള രണ്ട് വ്യക്തികളിൽ ഒരാളാണ് ജിജിൻ. മറ്റൊരാൾ പശ്ചിമബംഗാൾ സ്വദേശിയും.

നാൽപത്തിരണ്ട് മുട്ടത്തോടുകളിൽ പരീക്ഷണം നടത്തിയപ്പോഴാണ് ആദ്യത്തെ സുഷിരം ഇടാനായത് എന്ന് ചിരിച്ചു കൊണ്ട് ജിജിൻ പറയുമ്പോൾ ആയിരത്തോളം പരീക്ഷണങ്ങൾ നടത്തി ബൾബ് കണ്ട് പിടിച്ച തോമസ് ആൽവ എഡിസണെ ഓർമ വരും. വീണ്ടും വീണ്ടും പരിശ്രമിക്കുന്ന കഠിനാധ്വാനികൾക്ക് ഉള്ളതാണ് മധുരിക്കുന്ന വിജയമെല്ലാം.

ചെറിയ സൂചിയും സാൻഡ് പേപ്പറും ഒക്കെ ഉപയോഗിച്ച് പൂർണമായും കൈ കൊണ്ടാണ് ജിജിൻ മുട്ടതോടിനെ മനോഹരമാക്കുന്നത്. നല്ലൊരു ചിത്രകാരനായ ജിജിൻ തന്റെ വരയിലെ അസാമാന്യ കഴിവും മുട്ടത്തോടിലേയ്ക്ക് പകർത്തി. 2017 ലെ ഇന്റർനാഷണൽ എഗ്ഗ് ആർട്ടിസ്റ്റ് ലോഗോയിൽ ജിജിന്റെ സൃഷ്ടിയും ഉൾപ്പെട്ടിരുന്നു. 34 ദിവസം മുതൽ 35 ദിവസം വരെയാണ് ഒരു മുട്ടതോടിൽ ചെലവാക്കുന്നത്.

ഒഴിവു സമയങ്ങളിലും വൈകുന്നേരങ്ങളിലുമാണ് കൂടുതൽ പണികൾ. മുന്നൂറിൽ അധികം ശില്പങ്ങൾ സ്വന്തമായി ഉള്ള ജിജിൻ കേരളത്തിന്റെ പല ഭാഗങ്ങളിലും എക്സിബിഷനു വേണ്ടി ഇവ എത്തിക്കാറുണ്ട്.

കേരളം ആസ്ഥാനം ആയി പ്രവർത്തിക്കുന്ന കാപ്പോ എന്ന ആർട്ടിസ്റ്റ് ഗ്രൂപ്പിന്റെ സ്ഥാപകരിൽ ഒരാൾ കൂടി ആണ് ജിജിൻ.








മുട്ടത്തോടിൽ ജിജിൻ തീർത്ത ചില കലാസൃഷ്ടികൾ

# ഓർമ്മയായി ടി ജെ എസ് ജോർജ്ജ്

അബി എം.
തിരുവനന്തപുരം



ടി. ജെ. എസ്. ജോർജ്

ഇന്ത്യൻ പത്രപ്രവർത്തനരംഗത്ത് വ്യക്തിത്വവും ധൈര്യവും കൊണ്ട് വ്യക്തി മുദ്ര പതിപ്പിച്ച മുതിർന്ന പത്രപ്രവർത്തകനും എഴുത്തുകാരനും ചിന്തകനുമായ തായിൽ ജേക്കബ് സോണി (ടി. ജെ. എസ്.) ജോർജ് ബംഗളൂരുവിൽ അന്തരിച്ചു.

1928 മെയ് 7ന് കേരളത്തിൽ ജനിച്ച ജോർജ്, മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ബിരുദം നേടിയ ശേഷം 1950ൽ മുംബൈയിലെ ദി ഫ്രീ പ്രസ്സ് ജേർണൽ പത്രത്തിൽ പത്രപ്രവർത്തന ജീവിതം ആരംഭിച്ചു. അധികാരത്തെ ചോദ്യം ചെയ്യാനുള്ള ധൈര്യവും, അച്ചടക്കവും അദ്ദേഹത്തിന്റെ പത്രപ്രവർത്തനത്തിന്റെ അടയാളങ്ങളായിരുന്നു.

1960കളിൽ പട്നയിലെ ദി സെർച്ച്ലൈറ്റ് പത്രത്തിന്റെ എഡിറ്ററായി പ്രവർത്തിച്ച കാലത്ത് അഴിമതിക്കെതിരായി ശക്തമായ എഡിറ്റോറിയലുകൾ എഴുതിയതിനു അദ്ദേഹത്തിനെതിരെ രാജ്യ ദ്രോഹ കുറ്റം ചുമത്തി ജയിലിൽ അടച്ചു. സ്വതന്ത്ര ഇന്ത്യയിൽ ജയിലിൽ അടയ്ക്കപ്പെട്ട ആദ്യത്തെ മാധ്യമ പ്രവർത്തകൻ ആയിരുന്നു അദ്ദേഹം.

ഈ സംഭവത്തോടെ ജോർജ് സത്യത്തിനുവേണ്ടി നിലകൊള്ളുന്ന പത്രപ്രവർത്തനത്തിന്റെ പ്രതീകമായി മാറി.

1975ൽ അദ്ദേഹം ഹോങ്കോങ്ങിൽ നിന്നു പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് വാർത്താമാസികയായ ഏഷ്യവീക്കിന്റെ സഹസ്ഥാപകനായി. അതിലൂടെ അന്താരാഷ്ട്ര മാധ്യമരംഗത്തും അദ്ദേഹത്തിന്റെ ദൃഷ്ടിയും പ്രതിഭയും തെളിഞ്ഞു.

1980കളിൽ ഇന്ത്യയിലേക്ക് മടങ്ങിയെത്തിയ ജോർജ്, 'ദി ന്യൂ ഇന്ത്യൻ' എക്സ്പ്രസ് പത്രത്തിന്റെ എഡിറ്റോറിയൽ അഡ്വൈസറായി ചേർന്നു. ഇരുപത്തിയഞ്ച് വർഷത്തിലധികം നീണ്ടുനിന്ന അദ്ദേഹത്തിന്റെ പ്രസിദ്ധ കോളം 'പോയിന്റ് ഓഫ് വ്യൂ', സാമൂഹികരാഷ്ട്രീയ വിഷയങ്ങളിൽ വായനക്കാരനെ കൂടുതൽ ചിന്തിപ്പിച്ചു.

മാത്രമല്ല അദ്ദേഹത്തിന്റെ എഴുത്തുകൾ ശക്തമായ അഭിപ്രായങ്ങൾക്കു പ്രസിദ്ധമായിരുന്നു. പത്രപ്രവർത്തകരുടെ പുതിയ തലമുറയെ വാർത്തെടുക്കാൻ അദ്ദേഹം പങ്കുവഹിച്ചത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം എന്ന സ്ഥാപനം വഴിയാണ്.

മാധ്യമ രംഗത്തുള്ള ദീർഘകാല സേവനത്തിനും സത്യസന്ധമായ പത്രപ്രവർത്തനത്തിനുമുള്ള അംഗീകാരമായി 2011 ൽ രാജ്യം അദ്ദേഹത്തിന് പദ്മഭൂഷൺ നൽകി ആദരിച്ചു.

പത്രപ്രവർത്തന മേഖലയിലെ സംഭാവനകൾക്ക് വക്കം മൗലവി മെമ്മോറിയൽ അവാർഡ് (2024), കേസരി മാധ്യമ അവാർഡ് (2017), കമല സുരയ്യ അവാർഡ് (2017), തുടങ്ങി നിരവധി അവാർഡുകൾ അദ്ദേഹത്തിനെ തേടിയെത്തി.

മാധ്യമങ്ങൾക്ക് സമൂഹത്തോടുള്ള ഉത്തരവാദിത്വം മറക്കരുതെന്ന് അദ്ദേഹം നിരന്തരം ഓർമ്മിപ്പിച്ചു. ടി. ജെ. എസ്. ജോർജ്, ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ ചരിത്രത്തിൽ എന്നും ഉജ്ജ്വല നക്ഷത്രമായി നിലനിൽക്കും.

# ഫ്ളാറ്റുകൾ ശൂന്യം; കടൽത്തീരത്ത് വാസം തുടർന്ന് തീരദേശനിവാസികൾ

പാർവതി എ. എസ്.
കൊല്ലം

കാലങ്ങളായുള്ള കടൽ ക്ഷോഭത്തെ തുടർന്ന് തീരദേശ നിവാസികളുടെ താമസവും ഉപജീവന മാർഗ്ഗവുമാണ് വഴിമുട്ടിയിരിക്കുന്നത്.

ശക്തമായ കടൽ കയറ്റത്തിന് പരിഹാരമെന്നോണം സംസ്ഥാന ഫിഷറീസ് വകുപ്പ് തീരദേശനിവാസികളുടെ ആധാരം കൈപ്പറ്റുകയും പകരം ഫ്ളാറ്റുകൾ നിർമിച്ച് കൊടുക്കുകയും ചെയ്തു. എന്നാൽ ഈ ഫ്ളാറ്റുകൾ ഉപയോഗശൂന്യമായി തുടരുകയാണ്. ഇതിന് കാരണമായി തീരദേശനിവാസികൾ പറയുന്നത് ഫ്ളാറ്റുകൾ കടൽത്തീരത്ത് നിന്നും ഏകദേശം ഒരു കിലോമീറ്ററിലധികം ദൂരത്തിലാണെന്നതാണ്. ഇതിനാൽ മത്സ്യബന്ധനത്തിനായുള്ള വള്ളം, വല തുടങ്ങിയ വസ്തുക്കൾ ലോറികൾ വാടകയ്കെടുത്ത് തീരത്ത് എത്തിക്കേണ്ടതായി വരുന്നു. ഇത് വളരെയധികം ചെലവേറിയ പ്രക്രിയയാണ്. മാത്രമല്ല ഇത് മത്സ്യബന്ധന സാമഗ്രികൾക്ക് കേടുപാടുകൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. ഇക്കാരണത്താൽ ഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും ഇപ്പോഴും തീരത്തെ ഭവനങ്ങളിൽ തന്നെ തുടരുന്നു.

കടൽക്കയറ്റത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായവർക്ക് സർക്കാർ പത്ത് ലക്ഷം രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. എന്നാൽ ഭൂരിപക്ഷം നിവാസികളും ആ തുക ഉപയോഗിച്ച് തീരദേശത്ത് തന്നെ വീടുകൾ വാങ്ങി താമസം തുടങ്ങി. പുലിമുട്ട് നിർമാണം പൂർത്തിയാകാത്ത സാഹചര്യം തുടരുന്നത് മൂലമാണ് കടൽകയറ്റം തീരദേശനിവാസികളുടെ ആവാസവ്യവസ്ഥയെയും ഉപജീവനമാർഗത്തെയും പ്രതികൂലമായി ബാധിക്കുന്നത്.

2019-ൽ തീരദേശ വികസന കോർപ്പറേഷൻ താന്നി മുതൽ കൊല്ലം ബീച്ചുവരെ നാല് കിലോമീറ്റർ തീരത്ത് 23 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിരുന്നു. ഏകദേശം 37.40 കോടി രൂപ ചെലവിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മാണ ചുമതല വഹിക്കുകയും കിഫ്ബിയുടെ പ്രാഥമിക അനുമതി ലഭിക്കുകയും ചെയ്തിരുന്നു. ഓരോ പുലിമുട്ടിന്റെയും നീളം 50 മുതൽ 100 മീറ്റർ വരെയും, ഉയരം സമുദ്രനിരപ്പിൽ നിന്ന് 3.5 മുതൽ 4.5 മീറ്റർ വരെയും ആയിരിക്കും. സമുദ്രനിരപ്പിനേക്കാൾ രണ്ടര മീറ്റർ ആഴത്തിൽ നിന്നാകും നിർമ്മാണം ആരംഭിക്കുക. സിമന്റ് ടെട്രാപോഡുകളാണ് മുകൾഭാഗം നിർമ്മിക്കാൻ ഉപയോഗിക്കുന്നത്. എന്നാൽ ടെൻഡർ നടപടികളും നിർമാണ പുരോഗതിയും വൈകിയതോടെ പദ്ധതി പിന്നീടും പൂർത്തിയാകാതെ തുടരുകയാണ്. ഇതുമൂലം തീരദേശ നിവാസികൾ നേരിടുന്ന കടൽകയറ്റ പ്രശ്നം ഇന്നും പരിഹരിക്കപ്പെടാത്ത അവസ്ഥയിലാണ്.



കൊല്ലത്ത് സംസ്ഥാന ഫിഷറീസ് വകുപ്പ് തീരദേശനിവാസികൾക്ക് നിർമിച്ചുനൽകിയ ഫ്ളാറ്റ് സമുച്ചയം

കളരി
31 ജനുവരി 2026

# ട്രംപിന്റെ രാഷ്ട്രീയ മുതലെടുപ്പിനുള്ള ചതുരംഗ കളമല്ല ഗാസ

ഗാസയുടെ ആകാശം തെളിഞ്ഞിട്ടില്ല. അതിപ്പോഴും ചാര നിറത്തിൽ തന്നെയാണ്. ബോംബുകളുടെ മുഴക്കം താത്കാലികമായി നിന്നു. എന്നാലും അവയുടെ പ്രതിധ്വനി ഇപ്പോഴും മതിലുകൾക്കപ്പുറത്ത് മുഴങ്ങുകയാണ്.

ഇസ്രയേൽ പലസ്തീൻ സംഘർഷം തുടങ്ങിയത് ഇന്നോ ഇന്നലെയോ അല്ല. എന്നിരുന്നാലും ഒടുവിലത്തെ യുദ്ധം തുടങ്ങിയിട്ട് രണ്ടു വർഷം കഴിഞ്ഞിരിക്കുന്നു. ഗാസയുടെ 90 ശതമാനവും നശിപ്പിക്കപ്പെട്ടു. ഏതാണ്ട് 21,000ലധികം കുട്ടികളും 12,000 ലധികം സ്ത്രീകളും ഉൾപ്പെടെ 67,000 പേർ കൊല്ലപ്പെട്ടുവെന്നാണ് കണക്ക്. ആയിരക്കണക്കിന് കുടുംബങ്ങൾ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെട്ടു. 1,63,000 ലധികം പേർക്കാണ് പരിക്കുപറ്റിയത്. ഇതുവരെയും കണ്ടുകിട്ടാത്തവരും ഒട്ടനവധിയാണ്. ഏകദേശം 262 മാധ്യമപ്രവർത്തകർക്കു ജീവൻ നഷ്ടപ്പെട്ടുവെന്നാണ് കണക്ക്. ഒരു നൂറ്റാണ്ടിനിടയിൽ ലോകത്താകെ കൊല്ലപ്പെട്ട മാധ്യമപ്രവർത്തകരുടെ എണ്ണത്തേക്കാൾ കൂടുതലാണിത് എന്ന് ഓർക്കണം.

ഇസ്രയേലിന്റെ നിഷ്ഠൂരമായ ആക്രമണങ്ങളിൽ ഗാസയിലെ വീടുകളും കെട്ടിടങ്ങളും റോഡുകളുമടക്കം സർവ സംവിധാനങ്ങളും തകർന്നു. 20 ലക്ഷത്തിലേറെ വരുന്ന പലസ്തീൻ ജനത സ്വന്തം മണ്ണിൽ അഭയാർഥികളായി പലവട്ടം പലായനം ചെയ്തു.

ഇത്തരം സാഹചര്യത്തിലാണ് ഇക്കഴിഞ്ഞ ഒക്ടോബർ 10ന് അമേരിക്കൻ പ്രസിഡന്റ് ട്രംപ് സമാധാന കരാർ പ്രഖ്യാപിക്കുകയും യുദ്ധം അവസാനിപ്പിക്കാനായി 20 ഇന പദ്ധതി മുന്നോട്ട് വയ്ക്കുന്നതും. ഹമാസിന്റെ നിരായുധീകരണം, അതിർത്തി നിയന്ത്രണത്തിൽ ഇസ്രയേലിന് അധികാരം, ഗാസയിലെ ഭരണത്തിൽ യുഎസ് പിന്തുണയുള്ള പുതിയ ഭരണസംവിധാനം എന്നിവയൊക്കെയാണ് കരാറിലെ പ്രധാന ഘടകങ്ങൾ.

യഥാർഥത്തിൽ പലസ്തീന്റെ സ്വയംഭരണ ആശയത്തെ ഇല്ലാതാക്കുന്ന തരത്തിലല്ലേ ഈ കരാറിന്റെ രൂപരേഖയെന്ന് സംശയമുണ്ട്. നിലവിലെ കരാറനുസരിച്ച് ഗാസ മുനമ്പിനെ രണ്ടായി പകുത്തുകൊണ്ട് ഇസ്രായേൽ സൈന്യം സ്ഥാപിച്ച 'യെല്ലോ ലൈൻ', കേവലം താൽക്കാലിക വേർതിരിവല്ല, അത് പലസ്തീന്റെ ദേശീയ അഭിലാഷങ്ങളെ ശാശ്വതമായി ഛേദിക്കാനുള്ള ഒരു രാഷ്ട്രീയ ശസ്ത്രക്രിയയാണ്.

ട്രംപ് ഭരണകൂടം വിഭാവനം ചെയ്യുന്ന 'സ്ഥിരത' എന്നത്, ഹമാസിന്റെ നിരായുധീകരണത്തിലൂടെ മാത്രം സാധ്യമാകുന്ന ഒന്നാണ്. എന്നാൽ, ഹമാസ് പിൻവാങ്ങുന്നിടത്തേക്ക് ഒരു ബഹുരാഷ്ട്ര സേനയെ കൊണ്ടുവരാനും, ഇസ്രായേലിന്റെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളെ പൂർണ്ണമായും മോചിപ്പിക്കാനും കഴിയാത്ത പക്ഷം, ഈ യെല്ലോ ലൈൻ രണ്ടാം ഗാസ അതിർത്തിയായി മാറും.

ഇവിടെ, ലോകശക്തികൾ അവരുടെ ധാർമികതയെ വിസ്മരിച്ച്, ട്രംപിന്റെ നയതന്ത്ര ചതുരംഗക്കളത്തിലെ വെറും കരുക്കളായി മാറുകയാണ്. ലോക മനസ്സാക്ഷിയുടെ കാവൽക്കാരാകേണ്ടവർ, പലസ്തീൻ മണ്ണിൽ യുദ്ധക്കുറ്റങ്ങൾ അരങ്ങേറിയപ്പോഴും, ഇസ്രയേലിന് മുന്നിൽ നിശ്ശബ്ദരായി തലകുനിച്ചു നിന്നു.

വെസ്റ്റ് ബാങ്കിൽ ഇസ്രായേൽ തുടരുന്ന അധിനിവേശ നീക്കങ്ങളോട് അമേരിക്ക കണ്ണടയ്ക്കുന്നത്, സമാധാന ചർച്ചകളെ തട്ടിപ്പാക്കി മാറ്റുന്നു. സമാധാനത്തിന്റെ മറവിൽ ഇസ്രായേലിന് തന്ത്രപരമായ മേൽക്കൈ നൽകുന്ന ഈ പ്ലാൻ, പലസ്തീൻ ജനതയോടുള്ള ചരിത്രപരമായ വഞ്ചനയുടെ പുതിയ അദ്ധ്യായം കുറിക്കുന്നു.

ഗാസയിലെ സ്ത്രീകളും കുട്ടികളും ജീവിതത്തിനായി നിലവിളിക്കുമ്പോൾ, രാഷ്ട്രീയ ശക്തികൾ 'സമാധാനം' എന്ന വാക്ക് രാഷ്ട്രീയ ലാഭത്തിനായി ഉപയോഗിക്കുന്നത് വിരോധാഭാസമാണ്. ട്രംപിന്റെ കരാർ യഥാർഥ സമാധാനത്തിലേക്കുള്ള പാതയാകുമോ, അല്ലെങ്കിൽ ഇസ്രയേലിന്റെ മേൽക്കൈ ഉറപ്പിക്കുന്ന മറ്റൊരു തന്ത്രമോ എന്നത് വരും ദിവസങ്ങളിൽ കണ്ടുതന്നെ അറിയണം

ഇസ്രയേൽ പലസ്തീൻ സംഘർഷത്തിൽ ലോകത്തിന് ഇപ്പോഴും രണ്ടുപക്ഷം തന്നെയാണ്. എന്നാൽ ആരുടെ ഭാഗത്ത് ആണ് ശരി ആരുടെ ഭാഗത്ത് ആണ് തെറ്റ് എന്ന് ചർച്ച ചെയ്യുന്നതിൽ ഇനിയും അർത്ഥമുണ്ടോ? കാരണം മരിച്ചു വീണതിന്റ സിംഹഭാഗവും ശരിയും തെറ്റും തിരിച്ചറിയാത്ത പിഞ്ചു കുഞ്ഞുങ്ങളാണ്. അവർക്ക് പുതിയ ലോകത്തിന്റെ അതിരുകളെ പറ്റിയോ രാഷ്ട്രീയത്തെപ്പറ്റിയോ ദേശീയതയെപ്പറ്റിയോ അറിയില്ല.

ഒരുവശത്ത് കുഞ്ഞുങ്ങൾ വിശന്നുമരിക്കുമ്പോൾ മറുവശത്തെ കുട്ടികൾ വിഷം ഭക്ഷിക്കുകയാണ്. ഇസ്രയേൽ ജനത അവരുടെ കുഞ്ഞുങ്ങൾക്ക് പലസ്തീൻ എന്നാൽ ശത്രുവാണെന്ന പ്രത്യയശാസ്ത്ര വിഷം തീറ്റിക്കുകയാണ്. അതല്ല വേണ്ടത്. പുതിയ ലോകത്തിനായി നാം കരുതിവയ്ക്കേണ്ടത് സമാധാനവും സുസ്ഥിരതയുമാണ്. കുഞ്ഞുങ്ങളിലേക്ക് കൈമാറേണ്ടതും അതുതന്നെയാണ്. അവരത് ചെയ്തില്ലെങ്കിൽ നാമത് ചെയ്യണം. നമ്മുടെ കുഞ്ഞുങ്ങളിലെങ്കിലും വർഗീയതയും വംശീയതയും ജാതീയതയും ഇല്ലാതെ വളർത്തിയെടുക്കണം.

# ട്രോമാകെയർ ജേണലിസം: തിരുത്തേണ്ടതാര്?



ഡോ. ശ്യാം പ്രകാശ്. എം

മാധ്യമ പ്രവർത്തനത്തിന്റെ അടിസ്ഥാന ധർമ്മം സത്യസന്ധതയും മാനവികതയുമാണ്. എന്നാൽ ഇന്ന് വാർത്താലോകം ഈ മൂല്യങ്ങൾക്ക് വില നൽകാതെ 'സെൻസേഷണലിസം' എന്ന പേരിൽ മനുഷ്യരുടെ ദു:ഖങ്ങളും ആഘാതങ്ങളും പ്രദർശന വസ്തുവാക്കുകയാണ്.

നിരന്തരമായി ദുരന്തഭൂമികളിൽ ബാധിക്കപ്പെട്ട മനുഷ്യരുടെ മുന്നിലേക്ക് തങ്ങളുടെ മുറിവിനെ കൂടുതൽ ആഴപ്പെടുത്തുന്ന ചോദ്യങ്ങളുമായി മൈക്കും ക്യാമറയും എടുത്ത് ചെല്ലുന്നത്. ഇവിടെ ആണ് ട്രോമ കെയർ ജർണലിസത്തിന്റെ പ്രസക്തി.

ട്രോമ കെയർ ജർണലിസം എന്തെന്ന് വളരെ നിസ്സാരമായി മനസിലാക്കാം. ദുരന്തം, ലൈംഗിക അതിക്രമം, ആത്മഹത്യ, അപകടം, യുദ്ധം തുടങ്ങിയ വിഷമാനുഭവങ്ങൾ നേരിടുന്നവരുടെ മാനസികാവസ്ഥ മനസ്സിലാക്കി അവരുടെ ജീവിതം, ശബ്ദം, അനുഭവം എന്നിവ ബഹുമാനത്തോടെ റിപ്പോർട്ട് ചെയ്യാനുള്ള മാധ്യമ ധാർമ്മിക സമീപനമാണിത് എന്ന് പറയാം. അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷൻ ട്രോമയെ 'മനുഷ്യന്റെ സുരക്ഷാബോധം തകർക്കുന്ന ദു:ഖാനുഭവം' എന്ന് വ്യാഖ്യാനിക്കുന്നു.

അത്തരമൊരു അനുഭവം നേരിട്ട വ്യക്തിയോട് ചോദ്യം ചെയ്യുമ്പോഴും ചിത്രം എടുക്കുമ്പോഴും, റിപ്പോർട്ട് തയ്യാറാക്കുമ്പോഴും, അവരുടെ മാനസികാവസ്ഥ മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഇവിടെയാണ് നമ്മുടെ മാധ്യമങ്ങൾക്ക് ഇന്ന് നിരന്തരം വീഴ്ച്ച സംഭവിക്കുന്നത്.

> *മാധ്യമപ്രവർത്തകൻ ഒരുപോലെ കഥാകാരനും സാമൂഹ്യപ്രവർത്തകനുമാണ്. വാർത്ത നൽകുന്നതിൽ മാത്രമല്ല, സമൂഹത്തിൽ സൗഹ്യദവും ബോധവൽക്കരണവും വളർത്തുന്നതിലും അവരുടെ പങ്ക് വലുതാണ്.*

പ്രശസ്ത മനഃശാസ്ത്രജ്ഞൻ സിഗ്മണ്ട് ഫ്രോയ്ഡിന്റെ 'സൈക്കോ അനലറ്റിക് തിയറി' പ്രകാരം ട്രോമ മനുഷ്യന്റെ അവബോധത്തെയും പെരുമാറ്റത്തെയും ദീർഘകാലം ബാധിക്കുന്നു. അതിനാൽ തന്നെ മാധ്യമങ്ങൾ ഒരു ട്രോമാ അനുഭവം നേരിട്ടവരിൽ ഉന്നയിക്കുന്ന പല ചോദ്യങ്ങളും പഴയ വേദനകൾ ഉണർത്തുന്ന രീതിയിലുള്ളത് ആയി മാറുന്നു എന്ന് കാണാം. ആ നേരത്തെ അവരുടെ തകർന്ന അവസ്ഥയും കണ്ണ് നീരും ടിആർപി റേറ്റിംഗുകൾക്ക് വേണ്ടിയുള്ള മനുഷ്യത്വമില്ലാത്ത ഘടകമാക്കി മാറ്റുകയാണ്. ഇത്തരം സമീപനങ്ങൾ മാറേണ്ടതുണ്ട്. മാധ്യമ പ്രവർത്തകർക്കും, മാധ്യമപഠന വിദ്യാർത്ഥികൾക്കും ട്രോമ കെയർ ജേർണലിസത്തിൽ പ്രത്യേക പരിശീലനം നൽകേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. ഇത്തരത്തിൽ പരിശീലനം നേടിയവർ മാത്രം ആയിരിക്കണം ഇതുപോലെ ഉള്ള വാർത്തകൾ തയ്യാറാക്കേണ്ടതും ബാധിതരായ മനുഷ്യരോട് സംസാരിക്കേണ്ടതും.



മാധ്യമപ്രവർത്തകൻ ഒരുപോലെ കഥാകാരനും സാമൂഹ്യപ്രവർത്തകനുമാണ്. വാർത്ത നൽകുന്നതിൽ മാത്രമല്ല, സമൂഹത്തിൽ സൗഹൃദവും ബോധവൽക്കരണവും വളർത്തുന്നതിലും അവരുടെ പങ്ക് വലുതാണ്. ട്രോമാ കെയർ ജേർണലിസം വാർത്താവിനിമയത്തെ ഒരു മനുഷ്യത്വമുള്ള പ്രക്രിയയാക്കി മാറ്റുന്നു. അത് 'വാർത്ത പറയുന്നത്' അല്ല, വേദന കേൾക്കുന്നതാണ്.ട്രോമ അനുഭവിച്ച ഒരാളുടെ കഥ പറയുമ്പോൾ മാധ്യമം അവരുടെ ആത്മബലവും പുനരുജ്ജീവനവും മുൻനിരയിൽ കൊണ്ടുവരുമ്പോൾ, അത് സമൂഹത്തിന് പ്രത്യാശ നൽകുന്നു.

അതാണ് ട്രോമാ കെയർ ജേർണലിസത്തിന്റെ സാരാംശം – മനുഷ്യരുടെ ട്രോമ മനസ്സിലാക്കി, മനുഷ്യത്വം രക്ഷിക്കുന്ന മാധ്യമപ്രവർത്തനം, അതാവട്ടെ ഇനിയെങ്കിലും.

*(നാടകകലാകാരനും നാടക അദ്ധ്യാപകനുമാണ് ലേഖകൻ)*

# കീഴടി: രാഷ്ട്രീയം X ചരിത്രം

നിത എം. സി.

തമിഴ്നാട്ടിലെ കീഴടി ഇന്ന് ഒരു പുരാവസ്തു ഗവേഷണ കേന്ദ്രം മാത്രമല്ല, ഇന്ത്യൻ നാഗരികതയുടെ ആഖ്യാനത്തെച്ചൊല്ലിയുള്ള തീവ്രമായ രാഷ്ട്രീയസാംസ്കാരിക പോരാട്ടത്തിന്റെ കേന്ദ്രബിന്ദുവായും മാറിയിരിക്കുന്നു. ആദ്യകാല ഖനനങ്ങൾക്ക് നേതൃത്വം നൽകിയ ആർക്കിയോളജിസ്റ്റ് കെ. അമർനാഥ് രാമകൃഷ്ണനെതിരായ നടപടികളും, അദ്ദേഹത്തിന്റെ റിപ്പോർട്ട് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (എഎസ്ഐ) തടഞ്ഞുവെച്ചതും, കേവലം രീതിശാസ്ത്രപരമായ തർക്കങ്ങൾക്കപ്പുറം, ചരിത്രസ്വത്വവും പ്രത്യയശാസ്ത്രവും തമ്മിലുള്ള സംഘർഷത്തെയാണ് തുറന്നുകാട്ടുന്നത്.



*കീഴടിയിലെ ഉദ്ഖനനം നടക്കുന്ന പ്രദേശം*

കീഴടിയുടെ പ്രാധാന്യം അത് നൽകുന്ന തെളിവുകളിൽ വ്യക്തമാണ്, തമിഴ്നാട്ടിലെ മധുരയ്ക്കടുത്ത് കണ്ടെത്തിയ ഈ പുരാതന വാസസ്ഥലം, ബിസി 600 വരെ പഴക്കമുള്ള, സുസംഘടിതമായ ഒരു നഗര സംസ്കാരത്തിന്റെ സൂചനകളാണ് നൽകുന്നത്. തമിഴ്ബ്രാഹ്മി ലിഖിതങ്ങളുള്ള മൺപാത്രങ്ങൾ, ഇഷ്ടിക നിർമ്മിതികൾ, ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവയെല്ലാം സംഘകാല തമിഴ് സാഹിത്യത്തിൽ വർണ്ണിക്കുന്ന നാഗരിക ജീവിതത്തിന് ഭൗതികമായ അടിത്തറ നൽകുന്നു. എന്നാൽ ഈ കണ്ടെത്തലിന്റെ പ്രത്യാഘാതം വളരെ വലുതാണ്. ഇന്ത്യൻ നാഗരികതയുടെ ഉത്ഭവം പലപ്പോഴും സിന്ധു നദീതടത്തിൽ കേന്ദ്രീകരിക്കുകയും വടക്കേന്ത്യൻ സംസ്കൃത പാരമ്പര്യങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന പ്രബലമായ ചരിത്രവീക്ഷണത്തെ ഇത് നേരിട്ട് വെല്ലുവിളിക്കുന്നു.

കീഴടി, ദക്ഷിണേന്ത്യയിൽ സമാനകാലഘട്ടത്തിലോ അതിനുമുമ്പോ നിലനിന്നിരുന്ന സ്വതന്ത്ര നഗരവൽക്കരണത്തെയാണ് സൂചിപ്പിക്കുന്നത്. ഈ പ്രാദേശിക ആഖ്യാനം നിലവിലുള്ള ദേശീയ ചരിത്രബോധ്യത്തെ പുനഃപരിശോധിക്കാൻ നിർബന്ധിതമാക്കുന്നതാണ്.

അമർനാഥിന്റെ നേതൃത്തത്തിൽ രണ്ട് ഘട്ടങ്ങളായി നടന്ന ഖനനത്തിന്റെ റിപ്പോർട്ട് എ.എസ്.ഐ സങ്കേതിക വിഴ്ചകൾ ചൂണ്ടിക്കാട്ടി പ്രസിദ്ധീകരിക്കാതിരിക്കുകയും, അദ്ദേഹത്തെ സ്ഥലം മാറ്റുകയും ചെയ്തത് ഗവേഷണ നടപടികളിൽ രാഷ്ട്രീയ ഇടപെടലുണ്ടോ എന്ന ചോദ്യമുയർത്തിയിരുന്നു. കുടാതെ ഈ കണ്ടെത്തലുകളിലൂടെ തമിഴ് നാഗരികതയുടെ പ്രാധാന്യം ലോകത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് തമിഴ് രാഷ്ട്രീയ പാർട്ടികളും ജനങ്ങളും വിശ്വസിച്ചു. അതിനാൽ, അവർ കീഴടിയെ തമിഴ് പാരമ്പര്യത്തിന്റെയും സ്വത്വത്തിന്റെയും പ്രതീകമായി ഉയർത്തിക്കാട്ടുന്നു. കീഴടിയിലെ കണ്ടെത്തലുകളെ ഡി.എം.കെ. ഉൾപ്പെടെയുള്ള തമിഴ് രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ രാഷ്ട്രീയ അജണ്ടയുടെ ഭാഗമാക്കി മാറ്റുകയും, തമിഴ് പൈതൃകത്തെ സംരക്ഷിക്കുന്നതിനായി കീഴടിയിലെ ഗവേഷണം തുടരണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ കേന്ദ്രസർക്കാർ നടപടിയെ 'തമിഴ് സംസ്കാരത്തിന് നേരെയുള്ള കടന്നാക്രമണം' എന്നാണ് വിശേഷിപ്പിച്ചത്. സ്വന്തം നിലയിൽ കീഴടിയിൽ ഗവേഷണം തുടർന്ന തമിഴ്നാട് സർക്കാർ അവിടെ മ്യൂസിയം സ്ഥാപിക്കുകയും ചെയ്തു. ഈ നടപടി തമിഴ് പാരമ്പര്യത്തെ അംഗീകരിക്കാത്ത കേന്ദ്രസർക്കാരിനുള്ള മറുപടിയായി വ്യാഖ്യാനിക്കപ്പെട്ടിരുന്നു. കീഴടി വിവാദം പുരാവസ്തുശാസ്ത്രത്തിലെ അക്കാദമിക് തർക്കം എന്ന നിലവിട്ട്, 'ആരാണ് ഇന്ത്യയുടെ ചരിത്രം എഴുതേണ്ടത്' എന്ന മൗലികമായ ചോദ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഒരു സംസ്ഥാനം തങ്ങളുടെ പുരാതന പൈതൃകം ശാസ്ത്രീയമായി സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ, കേന്ദ്ര സ്ഥാപനങ്ങൾ അതിന് തടസ്സം നിൽക്കുന്നത്, ചരിത്രത്തെ പ്രത്യയശാസ്ത്രപരമായ ആയുധമാക്കുന്നതിന്റെ സൂചനയാണ്. ഇന്ത്യൻ നാഗരികതയുടെ കേന്ദ്രബിന്ദു ആര് എന്നതിനെക്കുറിച്ചുള്ള ഒരു പ്രതീകാത്മക യുദ്ധക്കളമായി കീഴടിയിലെ ഖനന കേന്ദ്രം മാറിയിരിക്കുന്നു.

ഈ തർക്കം കേവലം മൺപാത്രക്കഷണങ്ങളെക്കുറിച്ചോ അവയുടെ കാലപഴകത്തിനെ കുറിച്ചോ അല്ല, മറിച്ച് ഓർമ്മ, സ്വത്വം, അധികാരം എന്നിവയെച്ചൊല്ലിയുള്ള ആഴത്തിലുള്ള പോരാട്ടമാണ്.


# കാമ്പസിൽ ജീവിതച്ചെലവ് ദുസ്സഹം

യദു എ. വി. & ബാസിം കെ.
കാര്യവട്ടം

KALARI EXCLUSIVE

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ വിദ്യാർത്ഥികൾ നേരിടുന്നത് കടുത്ത സാമ്പത്തിക ഞെരുക്കവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും.

സർവകലാശാലയിലെ മാധ്യമപഠന വിഭാഗത്തിന്റെ പരിശീലന പ്രസിദ്ധീകരണമായ കളരിയ്ക്കായി നൂറോളം വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നടത്തിയ വിവരശേഖരണത്തിലാണ് വിദ്യാർത്ഥികളുടെ ക്യാമ്പസ് ജീവിതത്തിലെ യാഥാർത്ഥ്യങ്ങൾ വെളിവാക്കുന്നത്.





സർവേയിൽ പങ്കെടുത്തവരിൽ 60 ശതമാനം വിദ്യാർത്ഥികൾക്കും കുടുംബത്തിൽ നിന്നുള്ള വരുമാനം ജീവിതച്ചെലവുകൾക്ക് മതിയാകുന്നില്ല. താമസസൗകര്യങ്ങളുടെ കുറവും സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസവുമാണ് വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിക്കുന്ന പ്രധാന ഘടകങ്ങളെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

കുടുംബത്തിൽ നിന്നുള്ള വരുമാനത്തെ ആശ്രയിക്കുന്ന 78.7% വിദ്യാർത്ഥികൾക്കിടയിൽ സാമ്പത്തിക അരക്ഷിതാവസ്ഥ രൂക്ഷമാണ്. ഇതിൽ തന്നെ കുടുംബ വരുമാനം കഷ്ടിച്ച് മാത്രം മതിയാകുന്നു എന്ന് അഭിപ്രായപ്പെട്ടത് 38.7% പേരാണ്. വരുമാനം 'ഒട്ടും തികയുന്നില്ല' എന്ന് അഭിപ്രായപ്പെട്ടത് 21.3% പേരാണ്.

അതായത്, ആകെ വിദ്യാർത്ഥികളിൽ 60% പേർ ദൈനംദിന ആവശ്യങ്ങൾ നിർവഹിക്കാൻ പോലും ബുദ്ധിമുട്ടുന്നു. 90 ശതമാനത്തിലധികം വിദ്യാർത്ഥികളും ഇടയ്ക്കിടെയെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നതായും റിപ്പോർട്ട് അടിവരയിടുന്നു.

**സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നുണ്ടോ?**




> *താമസസ്ഥലത്ത് ലഭ്യമാകേണ്ട അടിസ്ഥാനസൗകര്യവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളിൽ 22 ശതമാനം പേർക്ക് തൃപ്തിയില്ല എന്നും 48 ശതമാനം പേർക്ക് അഭിപ്രായമില്ല എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.*
>
> *ആകെ ജോലിയെടുക്കുന്നവരിൽ 16 ശതമാനം പേരും തങ്ങളുടെ ജോലി സാഹചര്യം വളരെ മോശമാണെന്നും 45 ശതമാനം പേർക്ക് അഭിപ്രായമില്ല എന്നും രേഖപ്പെടുത്തി.*


## പ്രൈവറ്റ് താമസത്തിന് നൽകേണ്ടിവരുന്നത് കനത്ത വില

സർവകലാശാലാ ഹോസ്റ്റലുകളുടെ അപര്യാപ്തത കാരണം പ്രൈവറ്റ് ഹോസ്റ്റലുകളിൽ താമസിക്കേണ്ടി വരുന്ന വിദ്യാർത്ഥികളാണ് ഏറ്റവും കൂടുതൽ സാമ്പത്തിക ഭാരം പേറുന്നത്.

പ്രൈവറ്റ് ഹോസ്റ്റലുകളിൽ താമസിക്കുന്നവരിൽ 73.7% പേരും പ്രതിമാസം 5,000 രൂപയ്ക്ക് മുകളിൽ വാടക നൽകേണ്ടിവരുന്നു.

എന്നാൽ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിക്കുന്ന ഒരു വിദ്യാർത്ഥിയ്ക്ക് പോലും ഇത്രയധികം താമസത്തിനായി ചെലവാകുന്നില്ല എന്നതാണ് വസ്തുത. രണ്ടിടത്തെയും ഭക്ഷണച്ചെലവിലും ഈ അന്തരം കാണാം.

**താമസത്തിനായി ചെലവഴിക്കുന്ന തുക**





പ്രൈവറ്റ് ഹോസ്റ്റലിലെ 31.25% വിദ്യാർത്ഥികൾ ഭക്ഷണത്തിനായി 5,000 രൂപയിൽ അധികം ചെലവഴിക്കുമ്പോൾ, യൂണിവേഴ്സിറ്റി ഹോസ്റ്റലുകളിൽ അത്തരമൊരു സാഹചര്യമില്ല.

യൂണിവേഴ്സിറ്റി ഹോസ്റ്റലുകളിലെ ഭക്ഷണത്തിന്റെ നിലവാരത്തിൽ തൃപ്തിയില്ലായ്മ രേഖപ്പെടുത്തിയവരിൽ ഭൂരിഭാഗവും (സർവേയിൽ പങ്കെടുത്തവരുടെ ലിംഗാനുപാതം പരിഗണിച്ച്) വനിതാ വിദ്യാർത്ഥികളാണ്.

നിലവിലുള്ള ഹോസ്റ്റൽ അടുക്കള/ കാന്റീൻ സംവിധാനത്തിലും ഭക്ഷണ വിതരണ രീതികളിലുമുള്ള തൃപ്തിയില്ലായ്മയാണിത് സൂചിപ്പിക്കുന്നത്.

താമസസ്ഥലത്ത് ലഭ്യമാകേണ്ട അടിസ്ഥാനസൗകര്യവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളിൽ 22 ശതമാനം പേർക്ക് തൃപ്തിയില്ല എന്നും 48 ശതമാനം പേർക്ക് അഭിപ്രായമില്ല എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതേസമയം പ്രൈവറ്റായി താമസിക്കുന്നവരിൽ 30 ശതമാനം പേർക്കും അടിസ്ഥാനസൗകര്യം മോശമാണെന്നും 35 ശതമാനം പേർക്ക് അഭിപ്രായമില്ല എന്നും രേഖപ്പെടുത്തി.

**ഭക്ഷണത്തിനായി ചെലവഴിക്കുന്ന തുക**




## സർക്കാർ സ്കോളർഷിപ്പ്; തുകകൾ മതിയാകുന്നില്ല

സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പോലും ഈ സംവിധാനം സഹായകരമാകുന്നില്ലെന്ന് റിപ്പോർട്ട് സ്ഥാപിക്കുന്നു. സ്കോളർഷിപ്പ് ലഭിക്കുന്നതായി റിപ്പോർട്ട് ചെയ്തത 17.3% വിദ്യാർത്ഥികളിൽ, 100% പേരും തുക മതിയാകുന്നില്ല എന്ന് അഭിപ്രായപ്പെട്ടു.


മാത്രമല്ല, ഈ വിദ്യാർത്ഥികളിൽ 100% പേർക്കും ഫണ്ട് ലഭിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നുണ്ട്.

ഒരു വിദ്യാർത്ഥിയുടെ വെളിപ്പെടുത്തൽ: □ബിരുദ പഠനത്തിന് അപേക്ഷിച്ച സ്കോളർഷിപ്പ് തുക ഫൈനൽ പരീക്ഷ കഴിഞ്ഞാണ് ലഭിച്ചത്.

ഇപ്പോൾ പി.ജി. കോഴ്സിന്റെ രണ്ടാം വർഷമായിട്ടും നിലവിലെ സ്കോളർഷിപ്പ് ഫണ്ട് ലഭിച്ചിട്ടില്ല.

സാമ്പത്തിക സഹായം സമയബന്ധിതമായി ലഭിക്കാത്തത് വിദ്യാർത്ഥികളെ കടക്കെണിയിലേക്കോ അല്ലെങ്കിൽ പാർട്ട് ടൈം ജോലിയിലേക്കോ തള്ളിവിടാൻ കാരണമാകുന്നു.

**സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ?**




## പഠനത്തെയും ജീവിതത്തെയും ബാധിക്കുന്ന ജോലി

സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനായി 32% വിദ്യാർത്ഥികളും പാർട്ട് ടൈം ജോലി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഇത് പഠനത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നതാണ് വസ്തുത.

ജോലി ചെയ്യുന്ന വിദ്യാർത്ഥികളിൽ 50% പേർ തങ്ങളുടെ ജോലി പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സമ്മതിക്കുന്നു. ഇതിന് കാരണങ്ങളായി കാണാനാവുന്നത് ഏകദേശം 32 ശതമാനം പേരും ആഴ്ചയിൽ 15 മണിക്കൂറിലധികം ജോലി ചെയ്യുന്നവരാണ്.


ഇതിൽ തന്നെ പകുതിയോളം പേർ ആഴ്ചയിൽ 30 മണിക്കൂറിലധികം ജോലി ചെയ്യുന്നു. എന്നാൽ ജോലിയെടുക്കുന്നവരിൽ 65 ശതമാനം പേർക്കും 5000 രൂപയിൽ താഴെ മാത്രമാണ് ശമ്പളമായി കിട്ടുക.

ഇതിൽ പകുതിയോളം പേർക്കും 2000 രൂപയിൽ താഴെയാണ് ശമ്പളം.


ആകെ ജോലിയെടുക്കുന്നവരിൽ 16 ശതമാനം പേരും തങ്ങളുടെ ജോലി സാഹചര്യം വളരെ മോശമാണെന്നും 45 ശതമാനം പേർക്ക് അഭിപ്രായമില്ല എന്നും രേഖപ്പെടുത്തി.

അതായത് ക്യാമ്പസിൽ തങ്ങളനുഭവിക്കുന്ന സാമ്പത്തിക ഞെരുക്കം ലഘൂകരിക്കാനായി പാർട്ട് ടൈം ജോലി ചെയ്യുന്നവർക്ക് മാനസിക ഞെരുക്കം കൂടുന്നതായി മനസിലാക്കാം.


**ജോലി പഠനത്തെ ബാധിക്കുന്നുണ്ടോ?**




**ജോലിസ്ഥലത്തെ സാഹചര്യം**




**ജോലി സമയം (ആഴ്ചയിൽ എത്ര മണിക്കൂർ)**




## സർവേയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ ചിലത്

**1. ഹോസ്റ്റൽ, താമസ സൗകര്യങ്ങൾ കൂട്ടുക;**

കൂടുതൽ ഹോസ്റ്റലുകൾ നിർമ്മിക്കുക, എല്ലാ വിദ്യാർത്ഥികൾക്കും താമസം ഉറപ്പാക്കുക. പോസ്റ്റ് ഗ്രാജേറ്റ് പുരുഷ വിദ്യാർത്ഥികൾക്കായി പുതിയ ഹോസ്റ്റൽ നിർമ്മിക്കുക.

**2. സ്കോളർഷിപ്പ്, സാമ്പത്തിക സഹായം;**

സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുക. അപേക്ഷാ പ്രക്രിയ ലളിതമാക്കുകയും കൃത്യസമയത്ത് തുക വിതരണം ചെയ്യുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

**3. അക്കാദമിക ക്രമീകരണം;**

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലി ചെയ്യാനായി ക്ലാസ് സമയത്തിൽ ഇളവുകൾ നൽകുകയോ അല്ലെങ്കിൽ കൂടുതൽ അയവുള്ള ടൈം ടേബിൾ ഏർപ്പെടുത്തുകയോ ചെയ്യുക.

**4. അടിസ്ഥാന സൗകര്യങ്ങളും ഭക്ഷണവും:**

ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട വൈഫൈ സൗകര്യം നൽകുക, 24 മണിക്കൂർ ലൈബ്രറി പ്രവേശനം അനുവദിക്കുക. കാമ്പസിനടുത്തുള്ള കാന്റീനുകളുടെ പ്രവർത്തന സമയം രാത്രി 10 മണി വരെ നീട്ടുക. ഡിപ്പാർട്ട്മെന്റ് ബ്ലോക്കിന് സമീപം കൂടുതൽ കാന്റീൻ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

# തിരശ്ശീല മുതൽ ഓ.ടി.ടി വരെ; മലയാളിയുടെ നർമ്മനിത്യതയായി അന്തിക്കാട് മാജിക്ക്

സ്മൃതി ടി. എസ്.

മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു എന്നോ സന്ദേശമെന്നോ സന്മനസ്സുള്ളവർക്ക് സമാധാനം എന്നോ കേൾക്കുമ്പോൾ മലയാളിയുടെ മനസ്സിൽ തെളിയുന്ന ഒരു വീടുണ്ട്, മുറ്റമുണ്ട്, അയൽക്കാരുണ്ട്. അത്, കേരളത്തിലെ ഒരു ശരാശരി വീടല്ല. അത്, സത്യൻ അന്തിക്കാടിന്റെ സിനിമകളിലെ വീടാണ്. 'നാടോടിക്കാറ്റി'ലെ ദാസനെയും വിജയനെയും ചിരിപ്പിച്ച അതേ തീയേറ്റർ ഇരുട്ടിലിരുന്നാണ് നമ്മൾ 'മനസ്സിനക്കരെ' കണ്ട് കണ്ണു നനച്ചത്. വലിയൊരു ജനക്കൂട്ടത്തെ ഒരുമിച്ചിരുത്തി, ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത പ്രതിഭയാണ് സത്യൻ അന്തിക്കാട്. ഇന്ന് കാലം മാറി. സിനിമാ കൊട്ടകകളിലെ ആർപ്പുവിളികൾക്ക് പകരം, നമ്മുടെ വിരൽതുമ്പിലെ 'ആറിഞ്ച് സ്ക്രീൻ' സിനിമയുടെ ലോകം നിർവചിക്കുന്നു. 'തിരശ്ശീല' മാറി 'ഓ.ടി.ടി.' വന്നു.

തന്റെ കഥപറച്ചിലിന്റെ തനിമ നഷ്ടപ്പെടാതെ, മാറുന്ന സാങ്കേതിക വിദ്യയെ അദ്ദേഹം എങ്ങനെ സമീപിച്ചു എന്ന് വ്യക്തമാക്കുകയാണ് ഇവിടെ

***മലയാളം സിനിമയിൽ സ്റ്റേജ് നാടകപരമ്പരയുടെ സ്വാധീനം എത്രത്തോളം ഉണ്ടെന്നാണ് താങ്കൾ വിശ്വസിക്കുന്നത്?***

സിനിമയിലും സ്റ്റേജ് നാടകങ്ങളിലും അഭിനയവും അവതരണവുമൊക്കെ ഉണ്ടെങ്കിൽ തന്നെയും രണ്ടും രണ്ട് മാധ്യമങ്ങളും കലകളുമാണ്. അപ്പോൾ ഒന്ന് മറ്റൊന്നിനെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന് പറയുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. സ്റ്റേജ് നാടകങ്ങളിൽ അഭിനയിക്കുന്ന ആളുകൾ സിനിമയിൽ അഭിനയിക്കുമ്പോൾ അപൂർവ്വം ആളുകൾക്കു മാത്രമാണ് അതു നന്നായി ചെയ്യാൻ സാധിക്കുന്നത്. കാരണം സ്റ്റേജിൽ ദൂരെയുള്ള ആളുകൾക്കുപോലും കാണുവാനും കേൾക്കുവാനുമുള്ള വിധത്തിൽ പ്രേയോഗങ്ങൾ ഉച്ചത്തിലാണ്. എന്നാൽ സിനിമയിൽ ക്യാമറ നമ്മുടെ അടുത്തേക്ക് വരുകയാണുചെയുന്നത്. കലാകാരന്റെ മുഖത്തിലെ ഓരോ ചലനങ്ങൾ പോലും അത് ഒപ്പിയെടുക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സ്റ്റേജിൽ അത്ഭുതകരമായി അഭിനയിച്ചിട്ടുള്ള തിലകനെയും മുരളിയേയും നെടുമുടി വേണുവിനെപോലെയുമുള്ള കലാകാരന്മാർക് ഇതുരണ്ടും വശമുണ്ട്. സിനിമയിൽ എങ്ങനെയാണ് അവതരിപ്പിക്കേണ്ടത് എന്ന വർക്കറിയാം. നാടകത്തിൽ നിന്ന് വന്നവർ ആ ശൈലി വിട്ട് സിനിമയെ ഉൾക്കൊള്ളുമ്പോഴാണ് അവരുടെ അവതരണത്തിന് മൂല്യമുണ്ടാകുന്നത്. നാടകീയമായ പലതും സിനിമയിൽ കാണിച്ചാൽ അതു വെറും നാടകമായി തോന്നിപോകും. അതുകൊണ്ട് സിനിമയെയും നാടകങ്ങളെയും രണ്ട് കലകളായി കാണുകയാണ് നമ്മൾ ചെയ്യേണ്ടത്.




***സ്റ്റേജിൽ നിന്നുള്ള റിയലിസ്റ്റിക് അഭിനയത്തിനും സിനിമയിലുള്ള സൂക്ഷ്മമായ റിയലിസത്തിനും ഇടയിൽ യോജിപ്പുണ്ടാക്കുന്നതിനു വേണ്ടി താങ്കൾ എന്ത് സമീപനമാണ് ഉപയോഗിച്ചത്?***

ഒരു സിനിമയിൽ അവതരിപ്പിക്കാവുന്ന കഥാപാത്രങ്ങളെ കൊണ്ടുവന്നാൽ അവർ ആ സിനിമയിൽ എങ്ങനെ പെരുമാറണമെന്നത് തീരുമാനിക്കുന്നത് സംവിധായകനാണ്. അവിടെ എനിക്ക് ബോധ്യപ്പെടുന്ന രീതിയിൽ അവതരിപ്പിക്കുന്നു എന്നത് മാത്രമുള്ളൂ. തോപ്പിൽ ഭാസിയുടെയൊക്കെ കാലഘട്ടത്തിൽ അവതരിപ്പിച്ചിട്ടുള്ള ഒരുപാട് നാടകങ്ങൾ സിനിമയാക്കപ്പെട്ടിട്ടുണ്ട്. 'ഡോക്ടർ', 'മൂലധനം', 'നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി', 'കടൽപ്പാലം' എന്നിങ്ങനെയുള്ള ധാരാളം നാടകങ്ങൾ സിനിമകളാക്കിയിരിക്കുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ അതുമാറി. എന്റെ സിനിമകളിൽ നാടകങ്ങളിലെ ഒരുപാട് കഥാകാരന്മാർ അഭിനയിച്ചിട്ടുണ്ട്. പക്ഷെ അവരുടെ അവതരണത്തിൽ നാടകീയത ഇല്ലായെന്നാണ് ഞാൻ അവരെ കൊണ്ട് ചെയ്യിപ്പിച്ചിട്ടുള്ളത്. 'മാമുക്കോയ', 'കുതിരവട്ടം പപ്പു', 'മാള അരവിന്ദൻ' എന്നിവരൊക്കെ സ്റ്റേജിൽ നന്നായി അവതരണം കാഴ്ചവെച്ചിട്ടുള്ളവരാണ്. പക്ഷെ നമ്മൾ ചെയ്യുന്ന ഫ്രെയിമിൽ നിന്ന് സിനിമയ്ക്ക് വേണ്ടി അവതരിപ്പിക്കേണ്ടി വരുമ്പോൾ നാടകത്തിന്റെ പരിചയം അഭിനയത്തിൽ ഗുണം ചെയ്യുന്നുണ്ട്. അല്ലാതെ നാടകം അങ്ങനെ തന്നെ അവതരിപ്പിക്കുകയല്ല ചെയ്യുന്നത്. അഭിനയത്തിൽ ഓരോ വ്യക്തിക്കും ഓരോ ശൈലിയുണ്ട്. തിലകൻ ചേട്ടന്റെ സ്റ്റേജിലും സിനിമയിലെയും അഭിനയം ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന് രണ്ടിലും കഴിവുണ്ട്. അദ്ദേഹത്തിനറിയാം ക്യാമറ മുമ്പിൽ വരുമ്പോൾ എത്രത്തോളം മുഖം ചലിപ്പിക്കണമെന്നതും ഭാവം വേണമെന്നതും നോട്ടം എങ്ങനെ കൊണ്ടുവരണമെന്നതും. അതറിയുന്ന കലാകാരന്മാരാണ് സിനിമയിൽ നിലനിൽക്കുന്നത്. കെ. പി. എ. സി ലളിതയെയും കവിയൂർ പൊന്നമ്മയെയും പോലെ വളരെ സ്വാഭാവികമായി അഭിനയം കാഴ്ചവെച്ചവർ നാടകത്തിൽ അഭിനയിച്ചവരാണ്. എന്നാൽ ക്യാമറക് മുമ്പിൽ അവർ പോലും അറിയാത്ത മാറ്റങ്ങൾ ഉണ്ടാകുന്നതാണ് കാണാൻ സാധിക്കുന്നത്.

***ഓ.ടി.ടി പ്ലാറ്റ്ഫോമുകൾ വരുമ്പോൾ സിനിമാറ്റിക് ഭാഷയും അനുഭവങ്ങളും മാറുന്നുവെന്ന് പറയുന്നു. താങ്കളുടെ ദൃഷ്ടിയിൽ ഇതൊരു ഡിജിറ്റൽ തിയേറ്റർ ഉണ്ടാക്കുന്നു എന്നു തോന്നുന്നുണ്ടോ?***

സാങ്കേതികമായി നമ്മളുടെ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ് ഈ ഓ. ടി. ടിയും ഡിജിറ്റൽ മീഡിയകളുമൊക്കെ. പണ്ട് സിനിമകൾ കാണിക്കുവാൻ എ ക്ലാസ്സ്, ബി ക്ലാസ്സ്, സി ക്ലാസ്സ് തീയേറ്ററുകൾ എന്ന രീതിയിൽ ഓലക്കൊട്ടകകൾ വരെ ഉണ്ടാക്കിയിരുന്ന സമയത്ത് പതിയെ ടെലിവിഷൻ വന്നപ്പോൾ എല്ലാവരും പറഞ്ഞു സിനിമയുടെ കാലം കഴിഞ്ഞുവെന്നും എല്ലാവരും ടി.വിയുടെ മുമ്പിലായിരിക്കുമെന്നും. അതിൽ നിന്ന് മാറ്റങ്ങൾ വരുകയും സിനിമ സിനിമയായി നിലനിൽക്കുകയുമായിരുന്നു. അതുപോലെ തന്നെ ഓ.ടി.ടി യെന്നുള്ളത് സിനിമയുടെ ഒരു സമാന്തര വിഭാഗമാണ്. അല്ലാതെ ആ പ്ലാറ്റ്ഫോം സിനിമയ്ക്ക് ദോഷം ഉണ്ടാക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. സിനിമകൾ തിയേറ്ററിന് വേണ്ടി നിർമ്മിക്കപ്പെടുന്നതാണ്. സിനിമയുടെ മാജിക് എന്നു പറഞ്ഞാൽ തീയേറ്ററുകളിലാണ്. പക്ഷെ ഓ. ടി. ടിയിൽ സിനിമകൾ കണ്ട് ആസ്വദിക്കാൻ പറ്റുന്ന സാഹചര്യങ്ങളുമുണ്ട്. മാത്രമല്ല സമീപകാലത്തു വരെ ഓ.ടി.ടിയിൽ നിന്നും വരുമാനം നന്നായി ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അത് കുറഞ്ഞിട്ടുണ്ടെങ്കിൽ പോലും സിനിമയ്ക്ക് അതൊരു സമാന്തര വരുമാനം കൂടിയാണ്. ഇതൊരു പോസിറ്റീവ് കാര്യമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. കൂടാതെ തിയേറ്ററുകളിൽ നിന്നു പോയി കഴിഞ്ഞാൽ സിനിമ കണ്ണിൽ നിന്നും മാഞ്ഞു കഴിഞ്ഞു. പക്ഷെ ഓ.ടി.ടിയിൽ സിനിമ അവിടെ തന്നെയുണ്ട്. സബ്സ്ക്രൈബ് ചെയ്ത ചാനലുകളിൽ ഒരു സിനിമ കാണണമെന്നു തോന്നിയാൽ എപ്പോൾ വേണമെങ്കിലും കാണുവാൻ സാധിക്കും. സിനിമ കുറച്ചുകൂടി പ്രേക്ഷകരിലേക്ക് എത്താൻ ഓ.ടി.ടി സഹായിക്കുന്നുണ്ട്. അതിനാൽ തന്നെ ഓ.ടി.ടി പ്ലാറ്റ്ഫോമുകൾ ഭീഷണിയാണെന്ന് എനിക്ക് തോന്നുന്നില്ല. എന്റെ ദൃഷ്ടിയിൽ ഓ.ടി.ടി 'ഡിജിറ്റൽ തിയേറ്റർ' ഉണ്ടാക്കുന്നു എന്ന് തോന്നുന്നില്ല. ലോകം മുഴുവനുള്ള ആളുകളിലേക്കും ഒരേസമയം സിനിമകൾ എത്തുന്നു. അതൊരു നല്ല കാര്യമായിട്ടാണ് എനിക്ക് തോന്നുന്നത്.



***താങ്കളുടെ സിനിമയിൽ കുടുംബബന്ധങ്ങൾക്ക് കൂടുതൽ മൂല്യം കൊടുക്കുന്നതായിട്ടും അത് തുടർച്ചയായി വരുന്നതായും ഒരു പ്രേക്ഷകയെന്ന നിലയ്ക്ക് തോന്നാറുണ്ട്. പക്ഷെ ഓരോ കഥകളും മറ്റു സിനിമകളിൽ നിന്ന് വളരെ വ്യത്യസ്തമായിരിക്കും. ഇങ്ങനെ കുടുംബബന്ധങ്ങൾക്ക് വ്യത്യസ്ത അർത്ഥങ്ങൾ കൊണ്ടുവരുന്നത് എങ്ങനെയാണ്?***

ഞാൻ അന്തിക്കാട് എന്ന നാട്ടിൻപുറത്തിലെ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ചുവളർന്ന ഒരാളാണ്. എന്റെ മനസ്സിൽ എപ്പോഴും ആ ഇടത്തരകാരനുണ്ട്. സിനിമ സംവിധായകനായെങ്കിലും എന്റെ സ്ഥിരതാമസം അന്തിക്കാട് തന്നെയാണ്. അപ്പോൾ സ്വാഭാവികമായും ഞാൻ കാണുന്ന കുടുംബങ്ങളുടെയും ആളുകളുടെയും കഥകളാണ് എന്നെ സ്വാധീനിക്കുന്നത്. 'തലയണമന്ത്രം', 'സന്മനസുള്ളവർക്ക് സമാധാനം', 'ഹൃദയപൂർവ്വം' പോലെയുള്ള സിനിമകളിൽ പോലും ഇടത്തരക്കാരന്റെ മനസ്സ് നമ്മൾക്ക് കാണുവാൻ സാധിക്കും. എനിക്ക് കൂടുതൽ എളുപ്പം കുടുംബജീവിതങ്ങൾ സിനിമയാക്കുന്നതാണ്. എപ്പോഴും നമ്മുടെ പരിചിതവലയത്തിലുള്ള കഥാപാത്രങ്ങളെ സിനിമയക്കുന്നതാണ് നല്ല രീതിക്ക് ചെയ്യാൻ സാധിക്കുക. ഞാൻ ശ്രീനിവാസനുമായോ ലോഹിതദാസായോ കൂടി കുടുംബപശ്ചാത്തലിലുള്ള ഒരു സിനിമ ചെയ്യുമ്പോൾ പരിചയമുള്ള കുടുംബങ്ങളുടെ കേട്ട കഥകളൊക്കെ കൂട്ടി ചേർക്കുകയാണ് അവിടെ ചെയുന്നത്. ഇനി കുടുംബങ്ങളുടെ കഥയില്ലായെന്നു പലപ്പോഴും തോന്നാറുണ്ട്. അളിയൻ, ചേച്ചി, മക്കൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി കഴിഞ്ഞുവെന്നു തോന്നും. പക്ഷേ അടുത്തൊരു സിനിമയെ പറ്റി ചിന്തിക്കുമ്പോൾ മറ്റൊരു വിഷയം വരും. ഞാനെല്ലാം കുടുംബപശ്ചാത്തലത്തിലുള്ള സിനിമകളാണ് ചെയ്തിട്ടുള്ളതെങ്കിൽ പോലും അതിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾ വ്യത്യസതമാണ് . ഉദാഹരണത്തിന്, 'തലയണമന്ത്ര'ത്തിൽ ഒരു സാധാരണ കുടുംബത്തിലെ പെൺകുട്ടിയുടെ അമിതമായ ആഭരണഭ്രമവും അല്ലെങ്കിൽ ഉള്ളതിനേക്കാൾ ഉണ്ടെന്ന് കാണിക്കുന്നതിനുവേണ്ടിയുള്ള നാട്യങ്ങളുമാണ്. അതേസമയം, 'സസ്നേഹം' മിശ്രവിവാഹിതരായ രണ്ടുപേരുടെ കഥയാണ്. കുടുംബമാണെങ്കിലും അത് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് മറ്റൊരു വിഷയത്തിലാണ്. 'സന്മനസ്സുള്ളവർക്ക് സമാധാന'ത്തിൽ വാടകവീടൊഴിപ്പിക്കുവാൻ വേണ്ടി നടക്കുന്ന ഒരു വീട്ടുടമസ്ഥന്റെ പ്രശ്നങ്ങളാണ്. ഇതിലൊക്കെ വ്യത്യസ്തവശങ്ങളാണ് നമ്മൾക്ക് കാണാൻ സാധിക്കുന്നത്. ഞാൻ പറയുന്ന കഥകൾ വ്യത്യസ്തമായതുകൊണ്ടാണ് കുടുംബപശ്ചാത്തലങ്ങളിൽ ഉള്ളതാണെങ്കിൽ പോലും അതിൽ വ്യത്യസ്തത കൈവരുന്നത്. എനിക്ക് പരിചയമുള്ള മേഖലകളിൽ നിന്നാണ് ഞാൻ സിനിമ കണ്ടെത്തുന്നത്. 'പൊന്മുട്ടയിടുന്ന താറാവ്' എന്ന സിനിമ ചെയ്തപ്പോൾ ഞാനതിലെ ഗ്രാമം എന്റെ ഗ്രാമമായി സങ്കല്പിക്കുകയാണ്. എന്റെ നാട്ടിലുള്ളൊരു വെളിച്ചപ്പാടിനെയും പീടികകാരനെയും എന്നിങ്ങനെയുള്ളവരെയൊക്കെ എനിക്ക് പരിചയമുള്ള രീതിയിൽ ഞാനത് ചിത്രീകരിക്കുമ്പോൾ കുറച്ചും കൂടി സ്വാഭാവികത കൈവരികയാണ്. എനിക്കറിയാവുന്ന അറിവുകളാണ് എന്റെ സിനിമകളിൽ ഞാൻ ആവിഷ്കരിക്കുന്നത്.



***താങ്കളുടെ മിക്ക സിനിമകളിലും ഗ്രാമം, നാട്ടിൻ വഴികൾ, അമ്പലങ്ങൾ എന്നിങ്ങനെയുള്ള വശങ്ങൾ സിനിമ റിയലിസ്റ്റിക്കാക്കുവാൻ വേണ്ടി ഉപയോഗിക്കുന്നതാണോ, അതോ കഥാപാത്രങ്ങൾക്ക് കൂടുതൽ അർത്ഥം കൊടുക്കുന്നതിനാണോ?***

എന്റെ സിനിമകളിൽ അമ്പലം, നാട്ടിൻപുറം, കുളം എന്നതൊക്കെ മനഃപൂർവ്വം അങ്ങനെ ചേർക്കുവാൻ സാധിക്കുകയില്ല. ഒരു നാട്ടിൻപുറത്തെ കഥ പറയുമ്പോൾ മാത്രം അത് ചെയ്യാൻ സാധിക്കുകയുള്ളൂ. സാധാരണ ബസ്, ബസ്സ്റ്റോപ്പ്, വീട്, കുളം, പുഴ എന്നതൊക്കെ ആ പശ്ചാത്തലത്തിൽ നടക്കുന്ന കഥകളെ അടിസ്ഥാനപ്പെടുത്തി കൊണ്ടാണ്. അതല്ലാതെ നമ്മൾക്കു വേറൊരു പശ്ചാത്തലത്തിലെ കഥ ജനങ്ങളിലേക്കു കൂടുതൽ എത്തിക്കാൻ വേണ്ടി ഗ്രാമത്തിലേക്ക് പറിച്ച് നടാൻ സാധിക്കുകയില്ല. 'യാത്രകാരുടെ ശ്രദ്ധക്ക്' എന്ന സിനിമ ടൗൺ പശ്ചാത്തലത്തിൽ ഉള്ളതാണ്. 'നാടോടിക്കാറ്റ്' എന്ന സിനിമ നടക്കുന്നത് ഭൂരിഭാഗവും മദ്രാസിലാണ്. അതിലൊന്നും അമ്പലങ്ങളോ നാട്ടിൻപുറങ്ങളോ കാണാൻ കഴിയില്ല. ഓരോ കഥക്കും അനുസരിച്ചിട്ടാണ് അതിനു വേണ്ടിയുള്ള പശ്ചാത്തലം തയ്യാറാക്കുന്നത്. അതല്ലാതെ മനഃപൂർവ്വം ആളുകളുടെ ഉള്ളിലേക്ക് കയറുവാൻ വേണ്ടിയുള്ള മാർഗമായി ഉപയോഗിക്കാറില്ല. ഒരു കഥ ആവശ്യപ്പെടുന്ന പശ്ചാത്തലത്തിലാണ് ഞാൻ സിനിമ ചിത്രീകരിക്കാറുള്ളത്.

***താങ്കളുടെ സിനിമകളിൽ സ്ത്രീ കഥാപാത്രങ്ങൾ സൗമ്യമാണ്. ഒപ്പം തന്നെ ശക്തയുമാണ്. ഇതെങ്ങനെ തുല്യമായി കൊണ്ടുവരാൻ സാധിക്കുന്നു. യഥാർത്ഥ ജീവിതത്തിലെ സ്വാധീനമാണോ ഇതിനു കാരണം?***

നമ്മുടെ സമൂഹത്തിൽ നിന്ന് കിട്ടുന്ന പ്രതിഫലനമാണത്. ഒരിക്കൽ ശ്രീനിവാസൻ 'ചിന്താവിഷ്ടയായ ശ്യാമള' എന്ന സിനിമയുടെ അവാർഡുദാനച്ചടങ്ങിൽ ഒരു രഹസ്യം പറയുവാൻ പോകുകയാണെന്നും ആ കഥ അദ്ദേഹം മോഷ്ടിച്ചതാണെന്നും പറഞ്ഞു. അതുകേട്ട് ആളുകളൊക്കെ അമ്പരന്നു. അദ്ദേഹം പറഞ്ഞതെന്തായിരുന്നു എന്നുവെച്ചാൽ ആ കഥ അവരുടെ ജീവിതത്തിൽ നിന്ന് മോഷ്ടിച്ചതാണെന്നാണ്. നമ്മളുടെ നാട്ടിലെ സ്ത്രീകളിൽ നിന്നാണ് ഞാൻ കഥകൾ കണ്ടെത്തുന്നത്. ഞാൻ കണ്ടിട്ടുള്ള പല സ്ത്രീകളും വളരെ ധീരകളാണ്. പുറമേ സാധുവായി പെരുമാറുമെങ്കിലും വേണ്ടി വരുന്ന സമയത്ത് ഇവർ വളരെ ശക്തയായി നിൽക്കും. സാഹചര്യങ്ങൾ കരുത്തരാക്കി മാറ്റിയ അനേകം സ്ത്രീകളെ ഞാൻ നിത്യ ജീവിതത്തിൽ കണ്ടിട്ടുണ്ട്. 'അച്ചുവിന്റെ അമ്മ'യിലെ വനജ, 'മനസ്സിനക്കരെ'യിലെ കൊച്ചു ത്രേസ്യ, 'വിനോദയാത്ര'യിലെ അനുപമ, 'സമൂഹം' എന്ന സിനിമയിലെ രാജലക്ഷ്മി എന്നീ കഥാപാത്രങ്ങളെല്ലാം മാനസികമായി വളരെ കരുത്തുറ്റവരാണ്.




അവരുടെ ജീവിതത്തിൽ കണ്ണീരും സങ്കടങ്ങളുമൊക്കെ ഉണ്ടാകുന്ന സമയമുണ്ടാകും. പക്ഷേ, ഒരു ഘട്ടമെത്തിയാൽ അവർ അവരുടെ വ്യക്തിത്വത്തിൽ ഉറച്ചു നിൽക്കുന്ന കഥാപാത്രങ്ങളായിട്ടാണ് ഞാൻ ചെയ്തിട്ടുള്ളത്. കാരണം, നമ്മളുടെ നാട്ടിലെ സ്ത്രീകളൊന്നും അബലകളല്ല. 'ഹൃദയപൂർവ്വ'ത്തിലെ ഹരിത എന്ന കഥാപാത്രം താൻ വിവാഹം ചെയ്യാൻ പോകുന്ന വ്യക്തി തന്റെ മൊബൈലിൽ ഒരു 'സ്പൈ ആപ്'സ്ഥാപിച്ചിരുന്നു എന്ന സത്യമറിയുന്ന നിമിഷം തന്റെ കല്യാണനിശ്ചയത്തിന്റെ ഇടയിൽ വെച്ച് പറയുകയാണ് ആ കല്യാണം വേണ്ട എന്ന്. അത് പറയാനുള്ള സ്വാതന്ത്ര്യം ഇന്നത്തെ പെൺകുട്ടികൾക്കുണ്ട്. അത് സിനിമയിലൂടെ കാണിക്കുന്നു എന്നു മാത്രമുള്ളൂ. ജീവിതത്തിന്റെ മറ്റൊരു പരിച്ഛേദം തന്നെയാണത്. എന്റെ അനുഭവങ്ങളിൽ കാണുന്ന സ്ത്രീകൾ തന്നെയാണ് എന്റെ സിനിമയിലെ കഥാപാത്രങ്ങൾ. അല്ലാതെ ഒരു നായകനെ പ്രേമിക്കാനുള്ള ഉപകരണമായിട്ട് ഞാനൊരിക്കലും എന്റെ സ്ത്രീ കഥാപാത്രങ്ങളെ ഉപയോഗിച്ചിട്ടില്ല. 'സന്മനസ്സുള്ളവർക് സമാധാന'ത്തിൽ ഗോപാലകൃഷ്ണൻ എന്ന കഥാപാത്രത്തിന്റെ ഒപ്പം തന്നെയാണ് മീര എന്ന കഥാപാത്രം ധീരയായി നിൽക്കുന്നത്. പക്ഷേ ഇവരുടെയൊക്കെ ഉള്ളിലെ വളരെ ആഴത്തിലുള്ള അനുകമ്പയും പ്രണയവും വളരെ മാധുര്യത്തോടെ തന്നെ പുറത്തെടുക്കുന്നുമുണ്ട്. നാടോടികാറ്റിലെ ദാസ് എന്ന കഥാപാത്രം മദ്രാസിൽ പട്ടിണി കിടക്കുമ്പോൾ തെരുവിൽ പച്ചക്കറി വിറ്റ് ജീവിക്കാൻ അയാളെ പ്രേരിപ്പിക്കുന്നത് രാധ എന്ന കഥാപാത്രമാണ്. യഥാർത്ഥ ജീവിതത്തിലെ സ്ത്രീകളെ പോലെത്തന്നെ എന്റെ സിനിമയിലെ സ്ത്രീ കഥാപാത്രങ്ങൾ വളരെ പ്രായോഗികമായി പ്രവർത്തിക്കുന്നവരാണ്. അത്തരം കഥാപാത്രങ്ങളെ പരിചയപെടുത്തുവാനും അതിലൂടെ കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ ശക്തിയെ ജ്വലിപ്പിക്കുവാനും എനിക്ക് താല്പര്യമാണ്.



***ഹാസ്യകഥാപാത്രങ്ങളായ 'സന്ദേശം' സിനിമയിലെ പവിത്രനും 'സന്മനസുള്ളവർക്ക് സമാധാനം' എന്ന സിനിമയിലെ തിലകനും നർമ്മം വഴി ഗൗരവമായ സാമൂഹിക വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇത് ബോധപൂർവ്വമാണോ?***

അത് ബോധപൂർവ്വം തന്നെയാണ്. കാരണം പ്രേക്ഷകരുടെ മനസ്സിലേക്ക് എളുപ്പത്തിൽ കയറാൻ പറ്റുന്ന മാർഗമാണ് നർമ്മം. വളരെ ഗൗരവമായ വിഷയം ഗൗരവമായി തന്നെ അവതരിപ്പിച്ചാൽ പ്രേക്ഷകർക്കത് മുഷിപ്പായിരിക്കും. അവർക്കത് ആസ്വദിക്കാൻ കഴിയുകയില്ലയെന്നു മാത്രമല്ല, കാണുന്ന ആളുകളുടെ എണ്ണവും കുറവായിരിക്കും. മറിച്ച് തമാശയുടെ പരിവേഷത്തിലൂടെ ഗൗരവമായ കാര്യങ്ങൾ അവതരിപ്പിച്ചാൽ പെട്ടെന്ന് തന്നെ അത് നമ്മുടെ മനസ്സിൽ തറയ്ക്കും. 'വരവേൽപ്പ്' എന്ന സിനിമയിൽ വളരെ ഗൗരവമായ വിഷയമാണ് ചൂണ്ടിക്കാണിക്കുന്നത്. ഒരു പാവപ്പെട്ടവൻ ഗൾഫിൽ പോയി നാട്ടിലേക്ക് തിരിച്ചു വരുന്നതും ബസ് വാങ്ങുന്നതും അത് നടത്തിക്കൊണ്ടു പോകുന്നത്തിനുമിടയിൽ ട്രേഡ് യൂണിയനുകളിൽ നിന്നും മറ്റുള്ളവരിൽ നിന്നുമുള്ള പ്രശ്നങ്ങളും വീട്ടിലെ പ്രശ്നങ്ങളും ഒക്കെയായിട്ടുള്ള പാടുപെടലുകളുമാണ്. ഇതൊരു പോരാട്ടത്തിന്റെ കഥയായത് കൊണ്ടുതന്നെ, അങ്ങനെ അവതരിപ്പിച്ചാൽ ഒട്ടും ഭംഗിയുണ്ടാവില്ല. അതിനാൽ ഞാൻ തമാശയിലൂടെ അവതരിപ്പിക്കുകയാണ് ചെയ്തത്. രാഷ്ട്രീയ നേതാക്കളെ നോക്കിയാൽ തന്നെ, തമാശയിലൂടെ കാര്യങ്ങൾ പറയുന്നവരെയാണ് നമ്മൾ കൂടുതൽ ശ്രദ്ധിക്കുന്നത്. ഉദാഹരണത്തിന് ഇ.കെ നായരുടെ പ്രസംഗങ്ങൾ കേൾക്കുവാൻ വേണ്ടി നമ്മൾ എവിടെയാണെങ്കിലും പോകാറുണ്ട്. എന്നാൽ അതിനുള്ളിൽ കാമ്പുള്ള കാര്യങ്ങളുണ്ടാകും. അദ്ദേഹം അത് നർമ്മത്തിലൂടെയായിരിക്കും പറയുന്നത്. അതുപോലെ തന്നെ സുകുമാർ അഴീക്കോടിന്റെ പ്രസംഗങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാവും വളരെ തീവ്രമായ വിഷയങ്ങൾ അവതരിപ്പിക്കുന്നതിന്റെ ഇടയിൽപ്പോലും അദ്ദേഹം തമാശകൾ ചേർക്കാറുണ്ട്. തമാശയിലൂടെ പറയുമ്പോൾ ഒരു വിഷയം നമ്മുടെ മനസ്സിലേക്ക് കൂടുതൽ പതിയുമെന്നു എനിക്ക് തോന്നിയിട്ടുണ്ട്. 'സന്ദേശം' എന്ന സിനിമ രാഷ്ട്രീയ ആക്ഷേപഹാസ്യമാണ്. അതിലെ രാഷ്ട്രീയം നർമ്മമില്ലാതെ കാണിച്ചാൽ അധികമാളുകൾ കാണില്ലെന്ന് മാത്രമല്ല, അതിൽ പരാമർശിച്ചിട്ടുള്ള ആളുകൾക്കെല്ലാം നമ്മളോട് വെറുപ്പ് തോന്നുകയും ചെയ്യും. പ്രത്യക്ഷത്തിൽ നമ്മൾ പാർട്ടികളുടെ പേരൊന്നും പറയുന്നില്ലെങ്കിൽ പോലും രണ്ടു പാർട്ടികളിലുമുള്ള ആളുകളെ അതിൽ വിമർശിച്ചിട്ടുണ്ട്. ഈ വിമർശിക്കപ്പെട്ടവർക്കെല്ലാം ആ സിനിമയോട് ഇപ്പോഴും ഇഷ്ടമുള്ളതുകൊണ്ടാണ് കൊല്ലങ്ങൾ കഴിഞ്ഞിട്ടും ആ സിനിമ ഇപ്പോഴും നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ തമാശയിലൂടെ പറയുവാനാണ് ഞാനാഗ്രഹിക്കുന്നത്. 'നാടോടിക്കാറ്റ്' തൊഴിലില്ലാത്ത രണ്ടു ചെറുപ്പക്കാരുടെ പോരാട്ടത്തിന്റെ കഥയാണ്. 'സന്മനസ്സുള്ളവർക്ക് സമാധാനം' ജീവിക്കുവാൻ വേണ്ടി തീരെ പണമില്ലാത്തതു കാരണം തൻറെ വീട് വിൽക്കുവാൻ വേണ്ടി നടത്തുന്ന ഒരാളുടെ കഠിനമായ പ്രയത്നത്തിന്റെ കഥയാണ്. ഇതെല്ലാം ഗൗരവമായ വിഷയങ്ങളായതുകൊണ്ട് തന്നെ തമാശയിലൂടെ പറയുമ്പോഴാണ് ആളുകൾ ആസ്വദിക്കുന്നത്.

***ഒരു സാധാരണക്കാരനായ മനുഷ്യനെ ഹീറോ ആക്കുന്നു താങ്കൾ. ഇത് 'റിയലിസ്റ്റിക് ഹ്യുമാനിസം' ആണോ, അല്ലെങ്കിൽ തിയേറ്ററിൽ നിന്ന് ലഭിച്ച ഒരു 'മോറൽ ഗ്രാമർ' ആണോ?***

നിത്യജീവിതത്തിൽ നമ്മൾ കാണുന്നതൊക്കെ സാധാരണക്കാരായ മനുഷ്യന്മാരെയാണ്. അവരെല്ലാം നമ്മുടെ ഹീറോസാണ്. അതിമാനുഷികന്മാരെന്നു പറയുന്നത് പലപ്പോഴും നമ്മൾക്ക് നേരിട്ട് കാണാൻ സാധിക്കാത്തതും നമ്മുടെ ജീവിത പരിചയത്തിൽ ഇല്ലാത്തവരുമാണ്. അതുകൊണ്ട് തന്നെ ഞാൻ ഹീറോയാക്കുന്നത് നമ്മുടെ കൺമുമ്പിലുള്ള ആളുകളെ തന്നെയാണ്. നാട്ടിൻപുറത്ത് ഒരു സാധാരണ തൊഴിലാളി ഹീറോയായിരിക്കും. കാരണം അവന്റെ പ്രവർത്തികളാണ് അവനെ ഹീറോയാക്കുന്നത്. അതല്ലാതെ കോട്ടും സ്യൂട്ടും തോക്കുമായി ഹീറോയിസം കാണിക്കുന്നവരല്ല ഹീറോസ്. ജനങ്ങളുടെ മനസ്സിനെ എങ്ങനെ സ്വാധീനിക്കുന്നു എന്നതനുസരിച്ചായിരിക്കും ഒരാളെ ഹീറോയെന്നു പറയുവാൻ കഴിയുന്നത്. അത് ലോലഹൃദയനായ ഒരാളുമായിരിക്കാം. ഏത് നടന്മാർ അവതരിപ്പിച്ചാലും എന്റെ സിനിമകളിലെ ഹീറോസ് നമ്മുടെ ഇടയിലും ചുറ്റുപാടുമുള്ളവരാണ്. വലിയ കാറുകളോ ബോംബ് സ്ഫോടനങ്ങളോ ഗംഭീര ഇടികളോ തീവെപ്പുകാളോ എന്റെ കാഴ്ചയുടെ പരിധിയിൽ വരാത്തതുകൊണ്ടാണ് എന്റെ സിനിമകളിൽ അത് കാണാൻ സാധിക്കാത്തത്. ഞാനെന്റെ ജീവിതത്തിൽ ഇതുവരെ തിര നിറച്ച തോക്കോ ബോംബോ കണ്ടിട്ടില്ല. എന്റെ അച്ഛനോ ചേട്ടനോ അല്ലെങ്കിൽ എന്നെ പഠിപ്പിച്ച അധ്യാപകനോ ആയിരിക്കാം എന്റെ ഹീറോ. അത്തരം ഹീറോകളേയാണ് ഞാൻ എന്റെ സിനിമയിൽ അവതരിപ്പിക്കാറുള്ളത്.



***'ഹൃദയപൂർവ്വം' പോലെയുള്ള സിനിമകൾ കഥയിലും തിരക്കഥയിലും ശ്രദ്ധ കേന്ദ്രികരിക്കുമ്പോൾ 'ലോക' പോലെയുള്ള സിനിമകൾ അത് ഉണ്ടാക്കുന്നതിലും അതിന്റെ ഗുണനിലവാരം, വിഎഫ്എക്സ്, പശ്ചാത്തല സംഗീതം എന്നിവയിലുമൊക്കെ കൂടുതൽ ശ്രദ്ധ കേന്ദ്രികരിക്കുന്നു. അതിനാൽ തന്നെ 'ഹൃദയപൂർവ്വം' ഓ.ടി.ടി സിനിമയാണെന്നും 'ലോക' തീയേറ്ററിൽ അനുഭവിച്ചറിയേണ്ട സിനിമയാണെന്നും പ്രേക്ഷകർ തീരുമാനിക്കുന്നു. ഇതിൽ താങ്കളുടെ അഭിപ്രായമെന്താണ്?***

ഹൃദയപൂർവ്വം, 'ലോക' എന്ന സിനിമകളെ പറ്റിയുള്ള ഈ താരതമ്യം തീരെ ശരിയല്ല. 'ഹൃദയപൂർവ്വം' ഒ.ടി.ടിയ്ക്കുള്ളതാണെന്നും 'ലോക' തീയേറ്ററിൽ അനുഭവിച്ചറിയേണ്ട സിനിമയാണെന്നും നമ്മളെ തെറ്റിദ്ധരിപ്പിക്കുന്നത് സോഷ്യൽ മീഡിയയിലെ കമന്റുകൾ മാത്രമാണ്. അതിനു ഏറ്റവും വലിയ ഉദാഹരണമാണ് 'ലോക' തീയേറ്ററുകളിൽ വലിയ ഹിറ്റായതും അതുപോലെ തന്നെ 'ഹൃദയപൂർവ്വം' വളരെ നല്ല അഭിപ്രായം നേടുകയും 100 കോടി തിയേറ്റർ കളക്ഷൻ കിട്ടിയതും. നമ്മളെ ഒരു സിനിമ എങ്ങനെ സ്വാധീനിക്കുന്നു എന്നത് മാത്രമാണ് നോക്കേണ്ടത്. അല്ലാതെ വലിയ തീയും വെടിയും ഹൊററും ഉള്ളത് മാത്രമാണ് തിയേറ്ററിൽ അനുഭവിച്ചറിയേണ്ടതെന്ന് വിചാരിക്കുവാൻ പാടുള്ളതല്ല. ഹൃദയപൂർവം നിറഞ്ഞ സദസ്സിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അത് ഒ.ടി.ടി യിൽ കാണേണ്ടത് മാത്രമാണെന്നുള്ളത് തെറ്റായ ധാരണയാണ്.

ഒരു സിനിമ ഇറങ്ങുമ്പോൾ സോഷ്യൽ മീഡിയയിൽ 'ഹേറ്റ് കാമ്പയിനുകൾ' ഒക്കെ ഉണ്ടാകുന്നു. തുടക്കം തൊട്ടേ അവർ പറയുന്നു ഈ സിനിമ ഒ.ടി.ടി യ്ക്കുള്ളതാണെന്ന്. ആ കമന്റ്സ് ഇടുന്നവരല്ല യഥാർത്ഥ പ്രേക്ഷകർ. അവർ സമൂഹത്തിലെ ഒന്നോ രണ്ടോ ശതമാനം മാത്രമാണ്. അതല്ലാതെ സിനിമ തിയേറ്ററുകളിൽ കാണുവാൻ സോഷ്യൽ മീഡിയയിൽ പ്രതികരിക്കാത്ത ഒരുപാട് പ്രേക്ഷകരുണ്ട്. അവരാണ് ഓരോ സിനിമയുടെയും നിലനിൽപ്പിന് ആധാരം.

# വില്ലനോ ഇ20 പെട്രോൾ?

നിത എം. സി.

രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുക, വിദേശനാണ്യച്ചെലവ് കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, കർഷകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുക എന്നിവയെല്ലാം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് 20% എഥനോൾ (ഇ20) ചേർത്ത പെട്രോൾ.

2003ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ഫോസിൽ ഇന്ധനങ്ങളിൽ നിന്നുള്ള ആശ്രയത്വം കുറച്ച് ജൈവ ഇന്ധനങ്ങൾ ഉപയോഗപ്പെടുത്തുകയാണ് ലക്ഷ്യം. എന്നാൽ, പദ്ധതി നടപ്പിലാക്കുന്നതിന്റെ ആരംഭഘട്ടത്തുതന്നെ ഇതുമായി ബന്ധപ്പെട്ട് നിരവധി വിവാദങ്ങൾ പൊട്ടിപ്പുറപ്പെടുകയും ഹൈക്കോടതിയിൽ പൊതുതാൽപര്യ ഹർജി സമർപ്പിക്കപ്പെടുകയും ഉണ്ടായിരുന്നു.

ഇന്ത്യയിൽ ഉപയോഗിക്കുന്ന ക്രൂഡ് ഓയിലിന്റെ 88% വിദേശരാജ്യങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. അതിനാൽ അന്താരാഷ്ട്രതലത്തിൽ എണ്ണവിലയിലോ വിതരണത്തിലോ പ്രശ്നം ഉണ്ടാകുന്ന സാഹചര്യത്തിൽ അത് രാജ്യത്തിന്റെ ഊർജ്ജമേഖലയിലും വലിയ പ്രതിസന്ധി സൃഷ്ടിക്കാം. അതിനുള്ള പരിഹാരമായിട്ടാണ് ഇന്ത്യ എഥനോൾ ചേർത്ത പെട്രോൾ എന്ന ആശയം മുന്നോട്ടുകൊണ്ടുവരുന്നത്. കരിമ്പ്, ചോളം, അരി പോലെയുള്ള വിളകളുടെ നീര് പുളിപ്പിച്ചാണ് ജൈവ എഥനോൾ ഉത്പാദിപ്പിക്കുന്നത്. അതിനാൽ തന്നെ, കർഷകർക്കും ഇതിൽ വലിയ സാമ്പത്തിക നേട്ടമുണ്ട്. കൂടാതെ എഥനോളിൽ ഓക്സിജൻ കൂടുതലുള്ളതിനാൽ പെട്രോൾ കത്തുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമാകും. അതിനാൽ കാർബൺ മോണോക്സൈഡ്, ഹൈഡ്രോകാർബൺ തുടങ്ങിയ മലിന വാതകങ്ങളുടെ പുറന്തള്ളൽ കുറയുന്നു. 2014ൽ 1.5% എഥനോൾ ചേർത്ത പെട്രോൾ ആരംഭിച്ച ഇന്ത്യ, 2022ലേക്ക് 10% വരെ എത്തിക്കുകയും, 2030ലേക്കുള്ള 20% എന്ന ലക്ഷ്യം 2025ൽ മുൻകൂറായി കൈവരിക്കുകയും ചെയ്തു. ഇപ്പോൾ എല്ലാ പെട്രോൾ പമ്പുകളിലും ഇ20 പെട്രോൾ ആണ് ലഭ്യമാകുന്നത്. സർക്കാരിന്റെ കണക്കനുസരിച്ച്, എണ്ണ ഇറക്കുമതി ചെലവ് 1.36 ലക്ഷം കോടി രൂപ കുറയുന്നതിനും, കർഷകർക്ക് 1.6 ലക്ഷം കോടി അധിക വരുമാനം ലഭിക്കുന്നതിനും ഡിസ്റ്റിലറികൾക്ക് 1.96 ലക്ഷം കോടി രൂപ ലാഭത്തിനും, കൂടാതെ കാർബൺ പുറന്തള്ളൽ ഏകദേശം 7 ലക്ഷം ടൺ കുറയ്ക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.

എത്ര ഗുണങ്ങൾ ഉണ്ടെങ്കിലും, ഇ20യുടെ കടന്നുവരവിനൊപ്പം വിവാദങ്ങളും ആശങ്കകളും ഏറെയായിരുന്നു. 2010നുശേഷം നിർമ്മിച്ച വാഹനങ്ങളിൽ ഭൂരിഭാഗവും ഇ10 വരെ മാത്രം ഉപയോഗിക്കാൻ അനുയോജ്യമായവയാണ്. 2025 ഏപ്രിൽമുതൽ പുറത്തിറങ്ങുന്ന വാഹനങ്ങൾ മാത്രമേ ഇ20 പെട്രോളിന് പൂർണ്ണമായും അനുയോജ്യമാകൂ. അതായത്, ഇപ്പോഴുള്ള 90% വാഹനങ്ങളും ഇ20 പെട്രോളിന് അനുയോജ്യമല്ലാത്തവയാണ്.




ഇ20 ലേബൽ ഒട്ടിച്ചിരിക്കുന്ന ഒരു പെട്രോൾ പമ്പിംഗ് മെഷീൻ

സർക്കാർ ഇ20 പെട്രോൾ ഉപയോഗിക്കുന്നതിന്റെ ഇന്ധനക്ഷമത കുറവ് 3 മുതൽ 6% വരെ മാത്രമാണെന്ന് പറയുന്നുവെങ്കിലും, ഉപഭോക്താക്കൾക്ക് 20% വരെ ഇന്ധനക്ഷമത കുറഞ്ഞതായി അനുഭവപ്പെടുന്നു. കൂടാതെ ഇ20 പെട്രോളിൽ ജലാംശം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ വാഹനങ്ങളിലെ ലോഹഭാഗങ്ങൾ തുരുമ്പെടുക്കുന്നതിനും, എൻജിനിൽ തകരാറുകൾ ഉണ്ടാക്കുന്നതിനും കാരണമായേക്കാം. പല വാഹന നിർമ്മാതാക്കളും ഇ10 വരെ മാത്രമേ ശുപാർശ ചെയ്യുന്നുള്ളൂ, അതിനാൽ ഇ20 ഉപയോഗിച്ച് പ്രശ്നങ്ങൾ ഉണ്ടായാൽ ഇൻഷുറൻസ് ക്ലെയിം 'ഗ്രോസ് നെഗ്ലിജൻസ്' ആയി തള്ളപ്പെടാൻ സാധ്യതയുണ്ട്. എഥനോളിന്റെ വില പെട്രോളിനെക്കാൾ കുറവായിട്ടും, ഇ20 പെട്രോളിന്റെ വിലയിൽ യാതൊരു കുറവും വന്നിട്ടില്ല, കൂടാതെ കരിമ്പ് പോലുള്ള വിളകൾക്ക് വൻതോതിൽ വെള്ളം ആവശ്യമാണ്. ഒരു ലിറ്റർ എഥനോൾ നിർമ്മിക്കാൻ 1000 ലിറ്റർ വെള്ളം വേണ്ടിവരും, ഇത് ഭൂഗർഭ ജല ക്ഷാമവും ജലദൗർലഭ്യവും സൃഷ്ടിക്കുന്നു. കൂടാതെ കാർഷിക വിളയിൽ കുറവ് വന്നാൽ എഥനോൾ ഉത്പാദനം തടസപ്പെടുകയും അതുവഴി ഇന്ധനവില ഉയരാനും സാധ്യതയുണ്ട്.

ഇ20 പെട്രോളുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ പൊതു താൽപര്യ ഹർജികൾ സമർപ്പിക്കപ്പെട്ട സാഹചര്യത്തിൽ അതിൽ പ്രധാന ആവശ്യമായത്, ഉപഭോക്താവിനെ തന്റെ വാഹനത്തിന് അനുയോജ്യമായ ഇന്ധനം തെരഞ്ഞെടുക്കാനുള്ള ഓപ്ഷൻ പമ്പുകളിൽ ലഭ്യമാകണം എന്നതാണ്. ഇ20 പെട്രോൾ ദേശീയതലത്തിലുള്ള ദീർഘകാല നയമാണെങ്കിലും, അതിന്റെ നടപ്പാക്കൽ ഘട്ടംഘട്ടമായി ആകേണ്ടതായിരുന്നു. ഇന്ത്യയിലെ വാഹനങ്ങൾക്കുള്ള സാങ്കേതിക അനുപാതം പരിഗണിക്കാതെ, ഒരേസമയം 100% ഇ20 നടപ്പാക്കുന്നത് ഉപഭോക്താക്കൾക്കും വാഹന നിർമ്മാതാക്കൾക്കും വെല്ലുവിളി ആയേക്കാം. പദ്ധതിയുടെ ഗുണങ്ങൾ ഏറെയാണെങ്കിലും, വാഹനസൗഹൃദമായി മാറ്റിയില്ലെങ്കിൽ അത് പൊതു ജനങ്ങൾക്ക് സാമ്പത്തികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിന് കാരണമാകും. ഇത്തരത്തിൽ ഇ20 പെട്രോൾ ഇന്ത്യയുടെ ഊർജ്ജസുരക്ഷയ്ക്കും പരിസ്ഥിതിക്കും ഹീറോ ആകുമെങ്കിലും വാഹനങ്ങളെയും ഉപഭോക്താക്കളെയും പരിഗണിക്കാതെയുള്ള നടപ്പാക്കൽ അതിനെ വില്ലൻ ആക്കാനും സാധ്യതയുണ്ട്.

# ആരോഗ്യമേഖലയിലും എ.ഐ.

അഭിൻ പി. എസ്.
തിരുവനന്തപുരം

നമുക്ക് ചുറ്റുമുള്ള നിർണായക മേഖലകളെ കൃത്രിമ ബുദ്ധി പുനർനിർവചിക്കുകയാണ്. അത്തരത്തിൽ എ.ഐ. ഉപയോഗിച്ചുള്ള വലിയ പരിവർത്തനങ്ങൾ കാണുന്ന മേഖലയാണ് ആരോഗ്യ സംരക്ഷണം.

ആരോഗ്യ മേഖലയിൽ കൃത്രിമ ബുദ്ധിയുടെ ഉപയോഗം അതിവേഗം വളരുകയാണ്. കൃത്യത, വേഗം, രോഗീ പരിചരണം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി ആശുപത്രികളും ലാബുകളും ഇപ്പോൾ വിവിധ എ.ഐ. ടൂളുകൾ ഉപയോഗപ്പെടുത്തുകയാണ്. ഇന്ത്യയിലും ഈ മാറ്റം പ്രകടമാണ്.

രോഗ നിർണയം മുതൽ രോഗികളുടെ വിവരങ്ങൾ വിശകലനം ചെയ്യുന്നതിനു വരെയുള്ള ജോലികൾ എഐ ടൂളുകൾ സുഗമവും ഫലപ്രദവുമാക്കുന്നു. ഇവയ്ക്കെല്ലാമായി പുതിയ സോഫ്റ്റ്‌വെയറുകൾ മുതൽ എ.ഐ. അധിഷ്ഠിത റോബോട്ടുകൾ വരെ സജ്ജമാണ്. ഇത്തരത്തിൽ എ.ഐ. ടൂളുകൾ ഉപയോഗിക്കുക വഴി ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുടെ ജോലിഭാരം കുറയുന്നതായി കാണാം.

ലക്ഷണങ്ങൾ പ്രകടമാകാത്ത പല രോഗങ്ങളും നേരത്തേ കണ്ടെത്താൻ എഐയ്ക്ക് സാധിക്കും. ഉദാഹരണത്തിന്, സിടി, എം.ആർ.ഐ. തുടങ്ങിയവ വഴി ലഭ്യമാകുന്ന



ലാപ്രോസ്കോപ്പി അനാസ്റ്റോമോസിസ് ശസ്ത്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എഐ അധിഷ്ഠിത റോബോട്ടായ സ്മാർട്ട് ടിഷ്യു ഓട്ടോണോമസ് റോബോട്ട് (സ്റ്റാർ) ചിത്രം ജോൺ ഹോപ്കിൻസ് സർവകലാശാല

ചിത്രങ്ങൾ പരിശോധിച്ച് ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ വൈകി ലക്ഷണങ്ങൾ കാണിക്കുന്ന പല രോഗങ്ങളെയും കൃത്രിമ ബുദ്ധി നേരത്തേ പ്രവചിക്കുന്നതായി ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഡോക്ടർമാർ നേരിട്ട് അവലോകനം ചെയ്യേണ്ട മെഡിക്കൽ ഇമേജുകൾ എഐ ടൂളുകളുടെ സഹായത്തോടെ വിശകലനം ചെയ്യുമ്പോൾ ഇത്തരത്തിൽ അന്തർലീനമായി കിടക്കുന്ന പല രോഗാവസ്ഥകളെയും വളരെ നേരത്തേ കണ്ടെത്താൻ സാധിക്കുന്നത് ആരോഗ്യ മേഖലയ്ക്ക് വലിയ നേട്ടമാണ്.

രോഗീ പരിചരണത്തിലും കൃത്രിമ ബുദ്ധിയുടെ സഹായം ചെറുതല്ല. എ.ഐ. പവേർഡ് മോണിറ്ററിംഗ് സിസ്റ്റങ്ങൾ അഡ്മിറ്റ് ചെയ്യപ്പെട്ട രോഗികളുടെ ആരോഗ്യസ്ഥിതി തത്സമയം ട്രാക്ക് ചെയ്യുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യും. ഇതുവഴി രോഗികൾക്ക് ഉണ്ടായേക്കാവുന്ന സങ്കീർണതകൾ ഒഴിവാക്കാം. മാത്രമല്ല ഏതെങ്കിലും തരത്തിൽ വരും മണിക്കൂറുകളിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളും നേരത്തേ മനസ്സിലാക്കി മുൻകരുതലുകളെടുക്കാം.

എ.ഐ. ചാറ്റ്ബോട്ടുകളും ഡിജിറ്റൽ അസിസ്റ്റന്റുകളും രോഗികളെ അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്യാൻ സഹായിക്കുക വഴി ആശുപത്രികളിലെ നീണ്ട നിരകളും കാത്തിരിപ്പും ഒഴിവാക്കാം.

ഇത്തരത്തിൽ ചില മാറ്റങ്ങൾ നമ്മുടെ സർക്കാർ ആശുപത്രികളിൽ വന്നു കഴിഞ്ഞു. അതിന് ഉദാഹരണമാണ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജിഗൈറ്റർ എന്ന റോബോട്ടിക് സംവിധാനം. തളർച്ചയിലോ അപകടത്തിലോ ചലനം നഷ്ടപ്പെട്ടവർക്ക് നടക്കാൻ ഇത് സഹായിക്കുന്നു.

ബില്ലിംഗ്, രോഗികളുടെ വിവരങ്ങൾ സൂക്ഷിക്കൽ തുടങ്ങിയ ജോലികൾക്ക് നിലവിൽ സോഫ്റ്റ് വെയറുകൾ ലഭ്യമാണെങ്കിലും ഇവയും എ.ഐ. ഉപയോഗിച്ച് മെച്ചപ്പെടുത്താം.

ഉദാഹരണത്തിന് ഒരു രോഗിയുടെ മുഴുവൻ രോഗ ചരിത്രങ്ങളും ഒരുമിച്ച് സോഫ്റ്റ്‌വെയറിൽ ഒരു ഫയലായി സൂക്ഷിച്ചിട്ടുണ്ടെന്ന് കരുതുക. ഈ മുഴുവൻ രേഖകളും എ.ഐ.യുടെ സഹായത്തോടെ വിശകലനം ചെയ്യുക വഴി ആ വ്യക്തിക്ക് ഭാവിയിൽ വന്നേക്കാവുന്ന മറ്റ് അസുഖങ്ങളുടെ സാധ്യത മനസിലാക്കാം.

മാത്രമല്ല അദ്ദേഹം നാളിതുവരെ ഉപയോഗിച്ചിട്ടുള്ള മരുന്നുകളും അതിന്റെ അളവുകളും വിശകലനം ചെയ്യുകവഴിയും അദ്ദേഹത്തിന് വന്നുചേർന്നേക്കാവുന്ന മറ്റ് അസുഖങ്ങൾ പ്രവചിക്കാം. ചികിത്സകൾ ആസൂത്രണം ചെയ്യുന്നതിലും കൈകാര്യം ചെയ്യുന്നതിലും കൃത്രിമ ബുദ്ധിയുടെ സഹായം തേടാമെന്നത് ഡോക്ടർമാർക്ക് വലിയ നേട്ടമാകും. ഇതിലൂടെ ശസ്ത്രക്രിയ പോലുള്ളവയിൽ വന്നുചേർന്നേക്കാവുന്ന മനുഷ്യ പിശകുകൾ കുറയ്ക്കാനും സാധിക്കും.

ശസ്ത്രക്രിയകളിൽ ഡോക്ടർമാർക്കൊപ്പം എ.ഐ. അധിഷ്ഠിത റോബോട്ടുകളും പങ്കെടുക്കുന്നത് ഇന്ന് കേരളത്തിൽ പോലും കാണാൻ സാധിക്കും.

തൃശൂരിലെ അമല മെഡിക്കൽ കോളജ് ആൻഡ് റിസർച്ച് സെന്റർ, കൊച്ചിയിലെ അമൃത ഹോസ്പിറ്റൽ, ആസ്റ്റർ മെഡ്സിറ്റി & മിംസ്, കാരിറ്റസ് ഹോസ്പിറ്റൽ കോട്ടയം,തിരുവനന്തപുരം കിംസ് ഹെൽത്ത് തുടങ്ങിയ ആശുപത്രികളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് നയനമിത്രം 2.0 എന്ന കണ്ണിന്റെ അസുഖങ്ങളെ അതിന്റെ പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയുന്ന നേത്ര പരിശോധനാ പരിപാടി കേരള സർക്കാർ ആരംഭിച്ചിട്ടുണ്ട്.

ജീവിത ശൈലി രോഗങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന 'ശൈലി' എന്ന മൊബൈൽ ആപ്പും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യം വീണ്ടെടുക്കാനും, ആശുപത്രികളിലെ ബ്ലഡ് ബാങ്ക് വിവരങ്ങൾ പരസ്പരം കൈമാറാനും തുടർന്ന് അവശ്യകതയും, ലഭ്യതയും ഉള്ള ബ്ലഡ് ഗ്രൂപ്പ് വിവരങ്ങൾ കൈമാറാനും സഹായിക്കുന്ന പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്.

ഐഡോക്, പാത്ത് എ.ഐ, ടെംപസ് തുടങ്ങിയവ പ്രധാനമായി ഉപയോഗിക്കുന്ന ചില എഐ സോഫ്റ്റ്‌വെയറുകളാണ്.

## അതിദാരിദ്ര്യ മുക്തം കേരളം

മുഹമ്മദ് അജ്മൽ എം.
തിരുവനന്തപുരം

രാജ്യത്തെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമെന്ന നേട്ടം കൈവരിച്ച് കേരളം. കേരളപ്പിറവിദിനമായ നവംബർ ഒന്നിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇക്കാര്യം ഔദ്യോഗികമായി പ്രഖ്യാപിച്ചു. പരിപാടിയിൽ നടൻ മമ്മൂട്ടി വിശിഷ്ടാതിഥിയായി.

കേരളചരിത്ര പുസ്തകത്തിൽ പുതിയൊരു അധ്യായം പിറന്നിരിക്കുകയാണെന്നും ഇത് പുതിയ കേരളത്തിന്റെ ഉദയമാണെന്നും പ്രഖ്യാപനവേളയിൽ മുഖ്യമന്ത്രി പറഞ്ഞു. നമ്മുടെ സങ്കൽപ്പത്തിലുള്ള നവകേരളത്തിന്റെ സാക്ഷാത്കാരത്തിലേക്കുള്ള ചവിട്ടുപടിയാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കുടുംബശ്രീ സർവേയിലൂടെയാണ് മൂന്നു വർഷം മുമ്പ് അതി ദരിദ്രരായി കണ്ടെത്തിയ 64006 കുടുംബങ്ങളിൽ ശേഷിക്കുന്ന 59277 കുടുംബങ്ങളെയാണ് വിവിധ പദ്ധതികൾ വഴി ദാരിദ്ര്യമുക്തമാക്കിയത്. ഇതോടെയാണ് അതിദാരിദ്ര്യമുക്ത സംസ്ഥാനമെന്ന നേട്ടം കേരളം കൈവരിച്ചത്.രാജ്യത്ത് ഈ നേട്ടം കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി മാറുന്നതിനൊപ്പം, ലോകത്ത് ഈ ലക്ഷ്യം നേടുന്ന രണ്ടാമത്തെ പ്രദേശമായും കേരളം മാറും.

പോഷകാഹാരം, പാർപ്പിടം, ശുചിത്വം, വിദ്യാഭ്യാസം, അടിസ്ഥാന സേവനങ്ങളുടെ ലഭ്യത തുടങ്ങിയ നിരവധി മാനങ്ങൾ പരിഗണിച്ചാണ് ഇവിടെ അതിദാരിദ്ര്യം അളക്കുന്നത്.

# ചലച്ചിത്ര അവാർഡ് നിർണയ സമിതിയിൽ ആദ്യമായി ട്രാൻസ്ജെൻഡർ

പവിത്ര നായർ
തിരുവനന്തപുരം

സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണയ സമിതിയിൽ രാജ്യത്താദ്യമായി ട്രാൻസ്ജെൻഡർ പ്രാതിനിധ്യം ഉറപ്പാക്കി കേരളം.

2024ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളുടെ പ്രാഥമിക വിധിനിർണയ സമിതിയിലാണ് ചലച്ചിത്ര ഗാനരചയിതാവും കവിയുമായ വിജയരാജമല്ലികയെ അംഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്.


വിജയരാജമല്ലിക

രാജ്യത്ത് ആദ്യമായാണ് സർക്കാർ ചലച്ചിത്ര അവാർഡ് സമിതിയിൽ ഒരു ട്രാൻസ്ജെൻഡർ വ്യക്തി അംഗമാകുന്നത്. സർക്കാരിന്റെ ഈ തീരുമാനം മാതൃകാപരമാണെന്ന് വിജയരാജമല്ലിക അഭിപ്രായപ്പെട്ടു.

'മറ്റു സംസ്ഥാനങ്ങളിലെ സർക്കാരുകളും ഈ നീക്കത്തെ മാതൃകയാക്കി പിന്തുടരണം. വ്യത്യസ്തമായ കാഴ്ചപ്പാടുകളും ഉൾക്കൊള്ളുന്ന സമീപനങ്ങളും രൂപപ്പെടുന്നതിനും സമൂഹത്തിലെ സമവാക്യങ്ങൾ ഉറപ്പുവരുത്തുന്നതിനും സർക്കാരിന്റെ ഈ നടപടി സഹായകമാകും' അവർ കൂട്ടിച്ചേർത്തു. ജഡ്ജിങ് കമ്മിറ്റി അംഗങ്ങളിലേയ്ക്ക് ആദ്യമായി ഒരു ട്രാൻസ്ജെൻഡർ വ്യക്തിയെ ഉൾപ്പെടുത്തിയതിൽ സന്തോഷവും അഭിമാനവുമുണ്ടെന്നും വിജയരാജമല്ലിക അറിയിച്ചു.

# 48ാമത് സൂര്യഫെസ്റ്റിന് തിരിതെളിഞ്ഞു

അനാമിക എം. ബിനു
തിരുവനന്തപുരം

111 ദിവസം നീണ്ടുനിൽക്കുന്ന ലോകത്തിലെ തന്നെ ദൈർഘ്യമേറിയ കലാമേളകളിൽ ഒന്നായ സൂര്യ ഫെസ്റ്റിവലിന്റെ 48ാമത് എഡിഷന് അനന്തപുരിയിൽ തിരിതെളിഞ്ഞു. 2025 ഒക്ടോബർ ഒന്നിന് ആരംഭിച്ച മേള 2026 ജനുവരി 21ന് അവസാനിക്കും.

പതിവുപോലെ ഗാനഗന്ധർവൻ യേശുദാസിന് സമർപ്പിച്ചാണ് ഇത്തവണയും മേള ആരംഭിച്ചത്. ആദ്യ ദിവസം കെ എസ് ഹരിശങ്കറിന്റെ കർണാടക സംഗീത കച്ചേരിയാണ് ഗണേശത്തിൽ അരങ്ങേറിയത്.

പ്രശസ്ത താരങ്ങളായ ശോഭന, നവ്യ നായർ, മീനാക്ഷി ശ്രീനിവാസൻ, രമ വൈദ്യനാഥൻ, ലക്ഷ്മി ഗോപാലസ്വാമി, ആശ ശരത് തുടങ്ങിയവരുടെ ഭരതനാട്യ കച്ചേരിയും വരും ദിവസങ്ങളിൽ അവതരിക്കപ്പെട്ടിരുന്നു. എം ജയചന്ദ്രൻ, കാവാലം ശ്രീകുമാർ, രമേശ് നാരായണൻ തുടങ്ങിയവരുടെ സംഗീത കച്ചേരിയും, സ്ത്രീകളുടെ പ്രഭാഷണ പരമ്പരകളും, ചർച്ചകളും, സ്ത്രീ കേന്ദ്രീകൃത ചലച്ചിത്ര പ്രദർശനവും മേളയിൽ ഉണ്ടാകും. മേളയുടെ രണ്ടാം ദിവസം രമ വൈദ്യനാഥനും അവരുടെ രണ്ട് മക്കളും ചേർന്ന വതരിപ്പിച്ച, ചരിത്രപരവും, പുരാണപരവുമായ സ്ത്രീരൂപങ്ങളിലൂടെ സഞ്ചരിച്ച ഭരതനാട്യം മേളയുടെ ശ്രദ്ധ പിടിച്ചുപറ്റി.



സൂര്യഫെസ്റ്റിവൽ വേദിയിൽ നടി ശോഭന (ചിത്രം രാജീവ് രവി)

രചന നാരായണൻകുട്ടിയുടെ 'ഐെന്തിനായ് 3.0' എന്ന കുച്ചിപ്പുടി, ജാനകി രംഗരാജന്റെ മലയാള കവിതകളെ ആധാരമാക്കി വികാരതീവ്രമായ സ്ത്രീ കഥാപാത്രങ്ങളുടെ ജീവിതം കോർത്തിണക്കിയ ഭരതനാട്യ അവതരണം 'നേർകണ്ണാടി' തുടങ്ങിയവയും മേളയുടെ ശ്രദ്ധേയ ഇനങ്ങളായിരുന്നു.

'ഡ്രീംസ് അൺലിമിറ്റഡ്' എന്ന കൊറിയോഗ്രാഫി വിഭാഗത്തിൽ ഭരതനാട്യം, കുച്ചിപ്പുടി, ഒടിസ്സി എന്നിവയുടെ ഗ്രൂപ്പ് ഇനങ്ങളും അവതരിക്കപ്പെട്ടു. കൂടാതെ ഹിന്ദുസ്ഥാനി, കർണാടിക്, സൂഫിയാന തുടങ്ങിയ സംഗീത കച്ചേരികളും ഗണേശത്തിൽ അരങ്ങേറും. ഏകദേശം നാല് മാസം നീണ്ടുനിൽക്കുന്ന ഈ കലാമേളയിൽ ഇന്ത്യയൊട്ടാകെ ഉള്ള 2000ത്തിലധികം പ്രതിഭകളാണ് പങ്കെടുക്കുന്നത്.

# വിസ്മയിപ്പിച്ച് കാന്താര; സംവിധാനത്തിലും അഭിനയത്തിലും ഒരുപോലെ തിളങ്ങി ഋഷഭ് ഷെട്ടി

അനാമിക എം. ബിനു

കേവലം ഒരു നാടോടിക്കഥയ്ക്ക് അപ്പുറം നിലകൊള്ളുന്ന ദൈവികതയും ആത്മീയതയും ആഴത്തിൽ പ്രതിഫലിക്കുന്ന ഒരു ആധ്യാത്മിക ദൃശ്യ വിസ്മയമാണ് കാന്താര ലെജൻഡ് ചാപ്റ്റർ 1.

കർണാടകയിലെ തീരപ്രദേശമായ തുളു നാട്ടിൽ നിന്നും ഉത്ഭവിച്ച ഭൂതകോല എന്ന അനുഷ്ഠാനകലയെ അടിസ്ഥാനപ്പെടുത്തി 2022 ൽ പുറത്തിറങ്ങിയ കാന്തര എന്ന കഥയുടെ മുൻപുള്ള സംഭവ വികാസങ്ങൾ ഉൾകൊള്ളുന്നവയാണ് ഈ ചിത്രം. റിഷബ് ഷെട്ടി സംവിധാനം ചെയ്ത ഈ ചിത്രം നാലാം നൂറ്റാണ്ടിലെ കടമ്പ രാജവംശത്തിന്റെ പശ്ചാത്തലത്തിലാണു ചിത്രീകരിച്ചിരിക്കുന്നത്.



കാന്താര ചിത്രത്തിന്റെ പോസ്റ്റർ

മനുഷ്യനും ദൈവികതയുമായുള്ള ബന്ധവും ആത്മീയ വിശ്വാസങ്ങളുടെ ഉത്ഭവവുമാണ് പഞ്ചുരുളി, ഗുളികൻ തുടങ്ങിയ ഐതിഹ്യങ്ങളിലൂടെ ചിത്രീകരിച്ചിരിക്കുന്നത്. ദൃശ്യഭംഗി കൊണ്ടും പശ്ചാത്തല സംഗീതം കൊണ്ടും കാണികളെ വിസ്മയിപ്പിക്കാൻ സിനിമയുടെ സാങ്കേതിക മികവിന് ഉടനീളം സാധിച്ചിട്ടുണ്ട്. അരവിന്ദ് എസ് കശ്യപ് തീർത്ത ഛായാഗ്രഹണ മികവ് പ്രത്യേകം കയ്യടി അർഹിക്കുന്നതാണ്. കാടിന്റെ ശാന്തത ഉളവാക്കുന്ന ഭയവും, പുരാതന പശ്ചാത്തല രംഗങ്ങളും, ദൈവാവേശ രംഗങ്ങളും വളരെ സൂക്ഷ്മവും ക്രിയാത്മകവും ആയ രീതിയിൽ സൃഷ്ടിച്ചിട്ടുണ്ട. ഒരു സിനിമയുടെ ജീവസ്പന്ദനമാണ് ദൃശ്യങ്ങൾ എങ്കിൽ അതിന്റെ ആത്മാവാണ് സംഗീതം. പ്രത്യേകിച്ചും ഭൂതക്കോല രംഗങ്ങൾ അവതരിപ്പിക്കുമ്പോൾ അതിന്റെ തീവ്രവും തീഷ്ണവുമായ വികാരാവിഷ്കാരം ഒട്ടും കുറഞ്ഞുപോകാതെ പ്രേക്ഷകരിലേക്ക് എത്തിക്കാൻ അജനീഷ് ലോക്‌നാഥിന്റെ സംഗീതത്തിന് കഴിഞ്ഞിട്ടുണ്ട്.

പ്രാദേശിക കലാരൂപത്തിന്റെ ഭാഗമായി ഒരു ജനതയുടെ സംസ്കാരത്തിൽ നിന്നും ഉടലെടുത്ത കഥയ്ക്ക്, സാധാരണയായി ഇത്തരം ചലച്ചിത്രാവിഷ്ക്കാരങ്ങൾക്ക് ലഭിക്കാറുള്ള അതേ സ്വീകാര്യത തന്നെയാണ് പ്രേക്ഷകർ നൽകിയിട്ടുള്ളത്. സിനിമയുടെ വിജയത്തിന് കാരണമായ ഘടകങ്ങളിൽ ഒന്ന് ഇതു തന്നെയാകാം. പഞ്ചുരുളി, ഗുളികൻ എന്നീ വിശ്വാസങ്ങളിൽ തുടങ്ങി ബെർമെ എന്ന ചരിത്രത്തിലേക്ക് ചിത്രം സഞ്ചരിച്ചപ്പോൾ കഥയ്ക്ക് അടിസ്ഥാനമായ യഥാർത്ഥ ഐതീഹ്യത്തോടും സംസ്കാരത്തോടും എത്രത്തോളം നീതി പുലർത്തി എന്നത് ചർച്ചാവിഷയം തന്നെയാണ്.

എന്നാൽ സിനിമ ആസ്പദമാക്കി എന്ന് അവകാശപ്പെടുന്ന തുളു നാടിന്റെ യഥാർത്ഥ നാടോടി സംസ്കാരവും ഐതിഹ്യവും ശരിയായ രീതിയിൽ അല്ല ഉപയോഗിച്ചിരിക്കുന്നത് എന്ന നിരീക്ഷണവും ശ്രദ്ധേയമാണ്. പ്രാദേശിക ഐതിഹ്യ പ്രകാരം ഭൂതം ആത്മാക്കൾ എന്നിങ്ങനെ സങ്കൽപ്പിക്കപ്പെട്ട പഞ്ചുരുളി ഗുളികൻ തുടങ്ങിയവയെ ശിവൻ വിഷ്ണു തുടങ്ങിയ ഹൈന്ദവ ദൈവങ്ങളുമായി സാദൃശ്യപ്പെടുത്തിയതും അതിനെ ഹൈന്ദവ ദൈവങ്ങളുടെ പ്രാദേശിക രൂപങ്ങളായി സൃഷ്ടിച്ചതും 'കൾച്ചറൽ അപ്രോപ്രിയേഷൻ' ആകാം. അവ പ്രാദേശിക ജനതയുടെ സാംസ്കാരിക അടുപ്പത്തെ വ്രണപ്പെടുത്തിയതായി വിമർശനങ്ങൾ ഉണ്ട്.

ഒരു സിനിമ പ്രേക്ഷകനിൽ സൃഷ്ടിക്കുന്ന സ്വാധീനം ചെറുതല്ല. കൈകാര്യം ചെയ്ത സാംസ്കാരിക വിഷയം കൊണ്ടും, ആഖ്യാന രീതി കൊണ്ടും, സാങ്കേതിക മികവ് കൊണ്ടും പ്രേക്ഷകനിൽ സ്വാധീനം ചെലുത്താൻ ഈ സിനിമയ്ക്ക് സാധിച്ചു എന്നതിൽ സംശയമില്ല. എന്നാൽ ഒരു സാങ്കൽപ്പിക കഥ എന്നതിൽ അപ്പുറം അതൊരു സാംസ്കാരിക പ്രതിഫലനം ആയി മാറിയപ്പോൾ അതിലുണ്ടായ പാളിച്ചകളും അവഗണിക്കാൻ സാധിക്കുന്നതല്ല. സംവിധായകനായി മാത്രമല്ല നായകനായും ഋഷഭ് ഷെട്ടി മികവ് തെളിയിച്ചു.

മറ്റു പ്രധാന കഥാപാത്രങ്ങൾ അവതരിപ്പിച്ച രുക്മിണി വസന്ത്, ഗുൾഷൻ ദേവയ്യ, ജയറാം തുടങ്ങിയവരും വളരെ മനോഹരമായി ചെയ്തു.

ചില രംഗങ്ങളിൽ അനുഭവപ്പെട്ട ആവർത്തനവിരസത ഒഴിച്ചാൽ സിനിമ നല്ലൊരു ദൃശ്യ വിരുന്നായിരുന്നു.

# മോഹൻലാലിന് ഫാൽക്കെ പുരസ്കാരം


രാഷ്ട്രപതിയിൽ നിന്ന് ഫാൽക്കെ പുരസ്കാരം ഏറ്റുവാങ്ങുന്ന മോഹൻലാൽ

ഹിരൺ എച്ച്. സി.
തിരുവനന്തപുരം

ഇന്ത്യൻ ചലച്ചിത്രരംഗത്തെ സമഗ്ര സംഭാവനകൾക്കുള്ള പരമോന്നത ബഹുമതി ആയ ദാദാസാഹെബ് ഫാൽക്കെ പുരസ്കാരം മലയാളത്തിന്റെ സ്വന്തം നടനും സംവിധായകനുമായ മോഹൻലാലിന്.

സെപ്റ്റംബർ 23ന് ന്യൂ ഡൽഹിയിൽ നടന്ന എഴുപത്തിയൊന്നാമത് ദേശീയ പുരസ്കാര മേളയിൽ ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് അദ്ദേഹം പുരസ്കാരം ഏറ്റുവാങ്ങി. 2023ലെ പുരസ്കാരം ആണ് മോഹൻലാൽ സ്വന്തമാക്കിയത്.

ഇന്ത്യൻ ചലച്ചിത്രത്തിന്റെ പിതാവായി വിശേഷിപ്പിക്കപ്പെടുന്ന ദാദാസാഹെബ് ഫാൽക്കെയുടെ നൂറാം ജന്മവാർഷികമായ 1969 മുതൽക്കാണ് ഈ പുരസ്കാരം നൽകിത്തുടങ്ങിയത്. പുരസ്കാരം കരസ്ഥമാക്കുന്ന രണ്ടാമത്തെ മലയാളിയാണ് മോഹൻലാൽ.

'എന്റെ ആത്മാവിന്റെ സ്പന്ദനമാണ് സിനിമ എന്ന് പുരസ്കാര ശേഷം അദ്ദേഹം നടത്തിയ പ്രസംഗം ശ്രദ്ധ നേടിയിരുന്നു'

ചലച്ചിത്ര രംഗത്തെ ഈ പരമോന്നത പുരസ്കാരം മലയാള സിനിമയ്ക്കും സിനിമപ്രേമികൾക്കും സംവിധായകർ, നിർമ്മാതാക്കൾ, അഭിനേതാക്കൾ, പിന്നണിപ്രവർത്തകർ എന്നിവർക്കെല്ലാമായി അദ്ദേഹം സമർപ്പിച്ചു. മോഹൻലാലിനു മുന്നേ സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ 2004 ൽ ഈ നേട്ടം കൈവരിച്ചിരുന്നു. സ്വർണ മെഡലും 10 ലക്ഷം രൂപയുമടങ്ങുന്നതാണ് പുരസ്കാരം.

# വെള്ളിത്തിരയിലെ പച്ചമലയാളി വിടവാങ്ങുമ്പോൾ...

പവിത്ര നായർ



ചിന്തകളെ ഉണർത്തുക എന്നതാണ് ഒരു കലാകാരന്റെ ദൗത്യം. ശ്രീനിവാസൻ ആ ദൗത്യം പൂർത്തിയാക്കി. സിനിമകളിലൂടെ പലതിനോടുമുള്ള വിമർശനം ഉന്നയിക്കുമ്പോൾ വിമർശിക്കപെടുന്നവർപോലും ആസ്വദിക്കുന്നു. അവരുടെ ആദരവും, സ്നേഹവും കൂടി ഏറ്റുവാങ്ങിയാണ് അദ്ദേഹം യാത്രയായത്. മലയാളികളുടെ അഭിരുചിയിൽ വലിയ മാറ്റം വന്നെങ്കിലും എല്ലാ കാലത്തിനും വേണ്ടിയുള്ളതാണ് ശ്രീനിവാസൻ സിനിമകൾ.

1984-ൽ 'ഓടരുതമ്മാവാ ആളറിയാം' എന്ന പ്രിയദർശൻ ചിത്രത്തിലൂടെ തിരക്കഥാകൃത്തായി അരങ്ങേറി, ഇന്നത് 'ഞാൻ പ്രകാശൻ'ൽ അവസാനിക്കുന്നു. തിരക്കഥ സംഭാഷണം: ശ്രീനിവാസൻ എന്ന് സ്ക്രീനിൽ തെളിയുന്നതിനു മുൻപേ അണിയറയിൽ ക്രിയേറ്റീവ് കോൺട്രിബ്യൂട്ടറായും, ഗോസ്റ്റ് റൈറ്റർ ആയും ശ്രീനിവാസൻ പ്രവർത്തിച്ചിരുന്നു.

സാധാരണക്കാരുടെ ജീവിതത്തെ സ്വാഭാവികതയോടെ പകർന്നാടുന്ന അദ്ദേഹത്തിന്റെ ശൈലിയാണ് ശ്രീനിവാസൻ സിനിമകളെ പ്രസക്തമാക്കുന്നത്. ശ്രീനിവാസൻ സിനിമയിലെ ഒരോ ഡയലോഗുകളും മലയാളികളുടെ ജീവിതത്തിന്റെ ഒരു ഭാഗം തന്നെ ആയിരുന്നു. 'പോളണ്ടിനെ പറ്റി ഒരക്ഷരം മിണ്ടരുത്', 'ഇപ്പൊ ശെരിയാക്കിത്തരാം', 'അവിടെ കല്യാണം ഇവിടെ പാലു കാച്ചൽ', തുടങ്ങിയ പ്രയോഗങ്ങൾ ജീവിതത്തിൽ ഒരിക്കലെങ്കിലും പറയാത്ത മലയാളികൾ ഉണ്ടാവില്ല. കുടുംബം, കല്യാണം, തൊഴിലിടങ്ങൾ, ചായക്കടകൾ തുടങ്ങി ശ്രീനിവാസൻ കഥപറയുന്ന സ്ഥലങ്ങളെല്ലാം മലയാളികളുമായി ചേർന്ന് നിൽക്കുന്നയിടങ്ങളാണ്.

പി.എ ബക്കറിന്റെ 'മണിമുഴക്കത്തിലൂടെ' നടനായി മാറിയ ശ്രീനിവാസൻ പിന്നീട് തിരക്കഥാകൃത്തായും, വടക്കുനോക്കിയന്ത്രത്തിലൂടെ സംവിധായകനായും മാറി. ഇങ്ങനെ പലരൂപത്തിലും, ഭാവത്തിലും സിനിമകളിൽ മാത്രമല്ല ജീവിതത്തിലും വേഷമിട്ടു. നാരായണനായും, രമേശനായും, അഡ്വ: രാമകൃഷ്ണനായും, തളത്തിൽ ദിനേശനായും,



സത്യൻ അന്തിക്കാടിനൊപ്പം ശ്രീനിവാസൻ



തിലകനൊപ്പം ശ്രീനിവാസൻ



പ്രഭാകരനായുമൊക്കെ ഇന്നും മലയാളികളുടെ മനസ്സിൽ മായാതെ കിടക്കുന്ന ശ്രീനീവാസന്......

വിട...

# സ്വർണമുടിക്കാരൻ ചക്രവർത്തിയും കിട്ടാതെപോയ സമ്മാനവും

യദു എ. വി.

*2025 ഒക്ടോബർ 10, വെള്ളിയാഴ്ച. വൈകുന്നേരം നാലുമണി. വാഷിങ്ടൺ ഡി.സിയിലെ വൈറ്റ് ഹൗസിനുള്ളിലെ തെക്കുകിഴക്കേമൂലയിലെ ഓഫീസ് മുറി. നടുവിൽ ലോകത്തിന്റെ മുഴുവൻ ചക്രവർത്തിമാരായി സ്വയം അവരോധിക്കപ്പെടുന്നവരുടെ സിംഹാസനം. അതിൽ അസ്വസ്ഥനായി ഇരിക്കുന്ന ആ സ്വർണമുടിക്കാരൻ.*

*പുതിയ ലോകത്തിന്റെ മുഴുവൻ സമാധാനവും പുനസ്ഥാപിക്കാനായി രാപകലില്ലാതെ പണിയെടുക്കുന്ന ആ മനുഷ്യൻ ആകുലപ്പെട്ടിരിക്കുകയായിരുന്നു. മാഗ (മേക്ക് അമേരിക്ക ഗ്രേറ്റ് എഗെയിൻ) യുടെ പുനർനിർമ്മിതിയ്ക്കായി, ലോകശാന്തിയ്ക്കായി, സമാധാനത്തിനായി ഒക്കെ തനിക്ക് നേർക്കുവന്ന വെടിയുണ്ടകളെ ചെവികൊണ്ടു നേരിട്ടവൻ. അയാൾ തികച്ചും അസ്വസ്ഥനായി ഇരിക്കുകയാണ്. അദ്ദേഹം മാത്രമല്ല. ലോകം മുഴുവനുള്ള അമേരിക്കൻ ജനതയും ആകുലപ്പെട്ടിരിക്കുകയാണ്. ഇന്നാണ് ആ ദിനം.*

*അതേസമയം ലോകത്തിന്റെ മറ്റൊരു കോണിൽ, നോർവേയിലെ ശാന്തമായ നൊബേൽ കമ്മിറ്റി മുറി. അടുത്ത ഏതാനും നിമിഷത്തിൽ ആ വാർത്ത ലോകം മുഴുവൻ അറിയും. ഈ വർഷത്തെ നൊബേൽ സമാധാന സമ്മാനം ആർക്കാണെന്ന വാർത്ത. കമ്മിറ്റിക്കാർ ആശങ്കയിലാണ്.*

*ലോകത്തിന്റെയാകെ സമാധാനം വീണ്ടെടുക്കുമെന്ന് ശക്തമായ പ്രസ്താവന നടത്തുകയും അതിന്റെ ഭാഗമായി നിരവധി യുദ്ധങ്ങൾ നിർത്തലാക്കുകയും ചെയ്ത ഒരു മനുഷ്യൻ. അദ്ദേഹത്തിന് സമ്മാനം നൽകാൻ ശുപാർശ ചെയ്ത് സമാധാനപ്രിയരായ ഇസ്രയേലും പാകിസ്ഥാനും.*

*ഇവരെയെല്ലാം മറികടന്ന് മറ്റൊരാൾക്ക് എങ്ങനെ അവാർഡ് കൊടുക്കും. എന്നാൽ ഇനി ആ മനുഷ്യന് കൊടുത്താലോ. അങ്ങനെയൊരു തീരുമാനത്തിലെത്തിയാൽ കമ്മിറ്റിയും അംഗങ്ങളും എല്ലാം എയറിലാകുമെന്നത് തീർച്ച.*

*ഒടുവിൽ കമ്മിറ്റിക്കാർ പ്രശ്നത്തിന് വഴി കണ്ടെത്തി. ഇലയ്ക്കും മുള്ളിനും കേടുവരാത്ത രീതിയിൽ സംഭവം കൈകാര്യം ചെയ്യുക. എങ്ങനെ. കിട്ടിയോ എന്ന് ചോദിച്ചാൽ കിട്ടി, എന്നാൽ കിട്ടിയില്ലേയെന്നു ചോദിച്ചാൽ കിട്ടിയില്ല. അത്തരമൊരു പ്രഖ്യാപനം.*

*മണി അഞ്ചാവുന്നു. ലോകമാകെ കാത്തിരിക്കുകയാണ് ആ വാർത്തയ്ക്കായി. വൈറ്റ്ഹൗസ് നിശ്ചലമായി. അമേരിക്ക നിശ്ചലമായി. ഓവൽ ഓഫീസിനുള്ളിൽ പൂർണ നിശബ്ദത. ഒടുവിൽ പ്രഖ്യാപനം. മരിയ കൊരീന മച്ചാഡോ. ആരാണത്. ലോകം തമ്മിൽ തമ്മിൽ ചോദിച്ചു.*

*വെനസ്വേലൻ സാമൂഹികപ്രവർത്തകയാണ് അവർ. ചക്രവർത്തിയുടെ സിംഹാസനത്തിൽ ഒന്നുകൂടി അമർന്നിരുന്ന ആ സ്വർണമുടിക്കാരൻ നിരാശയോടെ നെടുവീർപ്പിട്ടു. അമേരിക്കയാകെ നിരാശയിലായി. രണ്ടുദിവസത്തെ ദുഖാചരണം നടത്തിയാലോ എന്നുവരെ വൈറ്റ്ഹൗസിൽ ചർച്ചയുണ്ടായത്രേ.*

*എന്നാൽ അധികം വൈകാതെ മച്ചാഡോയുടെ പ്രതികരണം വന്നു. തനിക്കുകിട്ടിയ ഈ പുരസ്കാരം താൻ ആ സ്വർണമുടിക്കാരനുകൂടി സമർപ്പിക്കുയാണെന്ന് അവർ പറഞ്ഞു. അമേരിക്കയുടെ മുഖം തെളിഞ്ഞു. ചക്രവർത്തി സ്റ്റൈലായി ആ മുടി ഒന്ന് ഒതുക്കിവെച്ച് എല്ലാവരെയും ഒന്ന് നോക്കി ചിരിച്ചു. അങ്ങകലെ നോർവേയിൽ നൊബേൽ കമ്മിറ്റിയുടെ മുറിയിൽ ഫ്രീഡം ഇൻകമിംഗ് ഉണ്ടാവുകയില്ലെന്ന് ഉറപ്പായതോടെ അവർക്കും സമാധാനമായി. മചാടോയ്ക്ക് കിട്ടിയത് ട്രമ്പിന്റേത് കൂടെയാണെന്ന് ബർഗറും പിസയും കഴിക്കുന്നവർക്കെല്ലാം മനസ്സിലാകുമെന്ന അവരുടെ വിലയിരുത്തൽ തെറ്റിയില്ല.*

*ഒന്നാലോചിച്ചുനോക്കു. ഒരാൾ വാവിട്ട് ചോദിക്കുമ്പോൾ, പ്രത്യേകിച്ച് കുഞ്ഞ് മനസ്സുള്ള ഒരാൾ ഇങ്ങനെ ചോദിക്കുമ്പോൾ എങ്ങനെയാണ് കൊടുക്കാതിരിക്കുക. എന്നാൽ അത് നേരിട്ട് കൊടുത്താലോ. അതിലും വലിയ പൊല്ലാപ്പാകില്ലേ. എന്തായാലും കാര്യങ്ങൾ സമാധാനമായി ഒതുക്കാൻ കമ്മിറ്റിക്ക് സാധിച്ചു. അല്ലെങ്കിലും പ്രശ്ന പരിഹാരങ്ങളിലും ഡിപ്ലോമസി കാര്യങ്ങളിലും നോർവേക്കാർ പണ്ടേ മിടുക്കരാണ്. പ്രശ്ന പരിഹരങ്ങളിൽ നോർവീജിയൻ മോഡൽ എന്നൊരു പ്രയോഗം തന്നെ പ്രചാരത്തിലുണ്ട്.*

*ഉള്ളത് പറഞ്ഞാൽ സമാധാനത്തിനല്ല, സാമ്പത്തിക ശാസ്ത്രത്തിനാണ് അദ്ദേഹത്തിന് നൊബേൽ ലഭിക്കേണ്ടത് എന്നാണ് മറ്റൊരു പക്ഷം. പക്ഷേ വാവിട്ടു ചോദിക്കാത്തത് കൊണ്ട് കൊടുക്കാത്തത് ആണെന്ന് നമ്മൾ വിശ്വസിക്കേണ്ടിയിരിക്കുന്നു. കാരണം, അത്രമാത്രം പ്രശംസനീയമാണ് അദ്ദേഹത്തിന്റെ സാമ്പത്തിക നയങ്ങൾ. ദേശീയ കടബാധ്യതയ്ക്ക് ഒട്ടും കുറവുവന്നിട്ടില്ലെങ്കിലും വിലക്കയറ്റം, തൊഴിലില്ലായ്മ എന്നിവയിൽ വലിയ വർധനവ് വരുത്താൻ അദ്ദേഹത്തിന്റെ പരിഷ്കാരങ്ങൾക്കായിട്ടുണ്ട്.*

*ഏറ്റവും ഒടുവിൽ ഇറക്കുമതി തീരുവയിൽ വരുത്തിയ പരിഷ്കാരത്തിന്റെ ഭാഗമായി സാമ്പത്തിക വളർച്ച മികച്ചരീതിയിൽ മന്ദഗതിയിലായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഫ്രണ്ടിനും കിട്ടി ഒരു പ്രഹരം.*

*ഇത്രയെല്ലാം സംഭവവികാസങ്ങളുണ്ടായിട്ടും സാമ്പത്തികശാസ്ത്രത്തിനുകൂടി നൊബേൽ വേണമെന്ന് ആവശ്യപ്പെടാതിരുന്നത് ചക്രവർത്തിയുടെ വിശാലമനസ്കത.*

*അമേരിക്ക നീണാൾ വാഴട്ടെ. സ്വർണമുടിക്കാരൻ ചക്രവർത്തി നീണാൾ വാഴട്ടെ.*




**(എഐ ചിത്രം) ഡൊണാൾഡ് ട്രംപും മരിയ കൊരീന മച്ചാഡോയും സമാധാനത്തിനുള്ള നൊബേലുമായി ഫോട്ടോയ്ക്ക പോസ് ചെയ്യുന്നു**

# കോടികൾ സമ്മാനം; കുട്ടിക്കളിയല്ല ഇ സ്പോർട്സ്

ബാസിം കെ.

വീഡിയോ ഗെയിമുകൾ നേരം പോക്കിനുള്ള കളിയായിരുന്ന കാലം കഴിഞ്ഞു ഇലക്ട്രോണിക് സ്പോർട്സ് അഥവാ ഇ സ്പോർട്സ് ഇന്ന് ലോകമെമ്പാടും കോടിക്കണക്കിന് ഡോളറിന്റെ ബിസിനസ്സും ഗ്ലാമർ കരിയർ സാധ്യതകളുമുള്ള വൻ വ്യവസായമായി വളർന്നിരിക്കുന്നു.

പ്രൊഫഷണൽ ഗെയിമർമാർ ടീമുകളായി ടൂർണമെന്റുകളിലും ലീഗുകളിലും കമ്പ്യൂട്ടറുകളിലൂടെയും കൺസോളുകളിലൂടെയും (എക്സ് ബോക്സ്, പ്ലേ സ്റ്റേഷൻ പോലുള്ളവ) മത്സരിക്കുന്ന സംഘടിത കായിക ഇനമാണിത്.

പരമ്പരാഗത കായിക ഇനങ്ങളെപ്പോലെ തന്നെ, ഇ സ്പോർട്സിലും കായികതാരങ്ങൾ കഠിനമായി പരിശീലിക്കുകയും മികച്ച പ്രകടനത്തിന് വലിയ പ്രതിഫലം നേടുകയും ചെയ്യുന്നു.

നിലവിൽ ലോകമെമ്പാടും 30,000 ത്തിലധികം ഗെയിമർമാർ 1,000ൽ പരം ടീമുകൾക്കായി മത്സരിക്കുന്നുണ്ട്. ഈ വർഷം ഇ സ്പോർട്സ് വ്യവസായത്തിന്റെ വരുമാനം ഏകദേശം 4.8 ബില്യൺ ഡോളർ എത്തുമെന്നാണ് കണക്ക്.

കൂടാതെ, 2029 ഓടെ ഇത് 5.9 ബില്യൺ ഡോളറായി ഉയരും. റെഡ് ബുൾ, കൊക്കകോള പോലുള്ള ആഗോള ബ്രാൻഡുകളാണ് ഇസ്പോർട്സ് ടൂർണമെന്റുകൾ സ്പോൺസർ ചെയ്യുന്നത്.

ഇ സ്പോർട്സിൻറെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് തെളിയിക്കുന്നതാണ് ഇ സ്പോർട്സ് ലോകകപ്പ്. സൗദി അറേബ്യയിലെ റിയാദിൽ നടന്ന ഈ ടൂർണമെൻറിന്റെ ആകെ സമ്മാനത്തുക 62.5 മില്യൺ രൂപ ആയിരുന്നു. ഇത് ഇസ്പോർട്സ് ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ സമ്മാനത്തുകയാണ്.

2025ലെ ലോകകപ്പിനായി സമ്മാനത്തുക വീണ്ടും വർദ്ധിപ്പിച്ച് 70 മില്യൺ ഡോളർ (ഏകദേശം 580 കോടി രൂപ) ആക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഗെയിം ടൂർണമെൻറുകൾക്ക് പുറമേ, വിവിധ ഗെയിമുകളിലെ ടീമുകളുടെ മൊത്തത്തിലുള്ള പ്രകടനം കണക്കിലെടുത്ത് മികച്ച ക്ലബ്ബുകൾക്കായി മാത്രം 27 മില്യൺ ഡോളർ സമ്മാനത്തുക വരുന്ന 'ക്ലബ് ചാമ്പ്യൻഷിപ്പ്' എന്നൊരു മത്സരവും ലോകകപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ ഇ സ്പോർട്സ് ചരിത്രത്തിലെ ഏറ്റവും തിളക്കമാർന്ന നേട്ടങ്ങളിലൊന്ന് കുറിച്ചുകൊണ്ട്, വേദ് 'ബീല്സിബോയി' ബംബ് ലോക ചാമ്പ്യൻഷിപ്പ് നേടി.

ഹവായിയിൽ നടന്ന 2025 പോക്കിമോൻ ഗോ ലോക ചാമ്പ്യൻഷിപ്പിൽ വേദ് 'ബീൽസിബോയി' ബംബ് കിരീടം നേടി!

ഒരു ആഗോള ഇ സ്പോർട്സ് കിരീടം നേടുന്ന ആദ്യ ഇന്ത്യൻ താരമാണ് അദ്ദേഹം. ആവേശകരമായ ഫൈനലിൽ സ്പെയിനിൻറെ ലിയോ മാരിനെ 3–2 എന്ന സ്കോറിനാണ് വേദ് പരാജയപ്പെടുത്തിയത്.




*ഈ സ്പോർട്ട്സ് ലോകകപ്പ് ട്രോഫി*



*2025 പോക്കിമോൻ ഗോ ലോക ചാമ്പ്യൻഷിപ്പ് കിരീടവുമായി ഇന്ത്യൻ ഗെയ്മർ വേദ് ബാംബ്. രണ്ടാം സ്ഥാനത്തെത്തിയ സ്പാനിഷ് ഗെയ്മർ ലിയോ മാരിൻ സമീപം*

## ടൂർണമെന്റുകൾ, കരിയർ, പ്രശസ്തി; കളിക്കളം ഇവിടെയാണ്

ഇ സ്പോർട്സ് ടൂർണമെന്റുകൾ ഇന്ന് ലോകമെമ്പാടുമുള്ള യുവാക്കളെ ആകർഷിക്കുന്നത് ഭീമമായ സമ്മാനത്തുകകൾ കൊല്പും പ്രശസ്തി നേടാനുള്ള അവസരങ്ങൾ കൊണ്ടുമാണ്.ലോകത്തിലെ ഏറ്റവും വലിയ ചില ഇലക്ട്രോണിക് കായികമാമാങ്കങ്ങൾ ഇവയാണ്:

ലീഗ് ഓഫ് ലെജൻഡ്സ് വേൾഡ് ചാമ്പ്യൻഷിപ്പ് – ഏറ്റവും കൂടുതൽ കാഴ്ചക്കാരുള്ളതും ആഡംബരമുള്ളതുമായ ഇവന്റുകളിലൊന്നാണിത്.ദ ഇന്റർനാഷണൽ ഡോട്ട 2 – ആരാധകരുടെ സംഭാവനകളിലൂടെ ലോകത്തിലെ ഏറ്റവും വലിയ സമ്മാനത്തുകകളിൽ ഒന്നാണ് ഈ ടൂർണമെന്റ് നൽകുന്നത്.

ഓവർവാച്ച് ചാമ്പ്യൻഷിപ്പ് സീരീസ് – തന്ത്രപരവും ടീം വർക്ക് ആവശ്യമുള്ളതുമായ മത്സരങ്ങൾ ഇതിനെ ശ്രദ്ധേയമാക്കുന്നു.

## ഇന്ത്യൻ ഇ സ്പോർട്സ്: കാത്തിരിക്കുന്നത് ഭീമൻ തുക

ആഗോള ടൂർണമെൻറുകൾക്ക് പുറമെ, ഇന്ത്യയിൽ നടക്കുന്ന പ്രധാന മത്സരങ്ങളും റെക്കോർഡ് സമ്മാനത്തുകകളാണ് നൽകുന്നത്:

ഇ സ്പോർട്സ് താരങ്ങൾ മികച്ച കൈകണ്ണുകളുടെ ഏകോപനം, പ്രശ്നപരിഹാര ശേഷി, മികച്ച ടീം വർക്ക് എന്നിവ നേടുന്നു.

തോൽവികളിൽ നിന്ന് തിരികെ വരാനുള്ള സ്ഥിരതയും ഉയർന്ന സമ്മർദ്ദമുള്ള സാഹചര്യങ്ങളിൽ ശാന്തമായി തീരുമാനമെടുക്കാനുള്ള വൈകാരിക ബുദ്ധിയും ഇവർക്ക് ലഭിക്കുന്നുണ്ട്.

ഇന്ന് ഗെയിമിംഗ് നിയമപരമായ കരിയർ പാതയാണ്. ടീം മാനേജ്മെൻറ്, ഇവൻറ് മാനേജ്മെൻറ്, ഷൗട്ട്കാസ്റ്റിംഗ് (ഗെയിം കമന്ററി) തുടങ്ങിയ നിരവധി തൊഴിലവസരങ്ങൾ ഇസ്പോർട്സ് തുറന്നിടുന്നു.

| ടൂർണമെന്റ് | സമ്മാനത്തുക (ഇന്ത്യൻ രൂപയിൽ) |
|---|---|
| ബിഎംപിഎസ് 2025 | 4 കോടി |
| ബിജിഐഎസ് 2025 | 3.21 കോടി |
| ഇൻഡസ് ഇന്റർനാഷണൽ ടൂർണമെന്റ് | 2.5 കോടി |
| ബിജിഎംഐ മാസ്റ്റേഴ്സ് സീരീസ് (ബിജിഎംഎസ്) | 2.1 കോടി |

## ഒളിമ്പിക്സ് സാധ്യതകളും പഠനമേഖലകളും

ഇ സ്പോർട്സിൻറെ ഭാവി ഏറെ ഭദ്രമാണ്. ഇൻറർനാഷണൽ ഒളിമ്പിക് കമ്മിറ്റി പോലും ഇ സ്പോർട്സിനായി പ്രത്യേക ഒളിമ്പിക്സ് സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തുന്നുണ്ട്.

വീഡിയോ ഗെയിമുകൾ കളിക്കുന്നതിലുപരി, ഇ സ്പോർട്സ് ഇന്ന് ഒരു നിയമപരമായ കരിയർ പാതയാണ്. സ്പോർട്സ് മാനേജ്മെൻറ്, ഐടി, ബിസിനസ് പഠനം തുടങ്ങിയ വിഷയങ്ങളിൽ ഇ സ്പോർട്സ് കേന്ദ്രീകരിച്ചുള്ള കോഴ്സുകളും സർട്ടിഫിക്കറ്റുകളും ഇപ്പോൾ പല സ്ഥാപനങ്ങളും നൽകുന്നുണ്ട്.

കമൻററി പറയുന്ന ഷൗട്ട്കാസ്റ്റിംഗ്, ടീം മാനേജ്മെൻറ്, ഇവൻറ് മാനേജ്മെൻറ് തുടങ്ങിയ നിരവധി തൊഴിലവസരങ്ങൾ ഈ മേഖല തുറന്നിടുന്നു.

# ദേശീയ സ്കൂൾ ഫുട്ബോളിൽ കേരളത്തിന് കിരീടം; സമ്മാനമായി മന്ത്രിയുടെ വിമാനടിക്കറ്റ്

അഭിൻ പി. എസ്.
തിരുവനന്തപുരം

69ാമത് ദേശീയ സ്കൂൾ ഫുട്ബോൾ ടൂർണമെന്റിൽ സീനിയർ കാറ്റഗറിയിൽ വിജയകിരീടം ചൂടിയ കേരള ടീമിന് പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടിയുടെ വക സമ്മാനമായി വിമാന ടിക്കറ്റ്.

വിജയത്തിന് ശേഷം കേരള ടീം ക്യാപ്റ്റൻ അദ്വൈത് മന്ത്രിയെ ഫോണിൽ വിളിച്ച് സന്തോഷം പങ്കുവച്ചിരുന്നു. ഇതിനിടയിലാണ് ശ്രീനഗറിൽ നിന്ന് മടങ്ങാനുള്ള ട്രെയിൻ ടിക്കറ്റ് ലഭ്യമാകാത്ത കാര്യം ടീം ക്യാപ്റ്റൻ മന്ത്രിയെ അറിയിച്ചത്. കഴിയുമെങ്കിൽ വിമാന ടിക്കറ്റ് ഏർപ്പാടാക്കാമോ എന്നും അദ്വൈത് ചോദിച്ചിരുന്നു. നമുക്ക് നോക്കാം എന്നായിരുന്നു മന്ത്രിയുടെ മറുപടി.

കുട്ടികളുടെ ആവശ്യം ഉടൻ പരിഗണിച്ച മന്ത്രി, ടീം അംഗങ്ങൾക്ക് വിമാന ടിക്കറ്റ് ബുക്ക് ചെയ്തു നൽകാൻ തൊഴിൽ വകുപ്പിന് കീഴിലുള്ള ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്കിന്) നിർദേശം നൽകി. തുടർന്ന് കുട്ടികൾ വിമാന മാർഗം കേരളത്തിലെത്തുകയും ചെയ്തു. ദേശീയ തലത്തിൽ കേരളത്തിന്റെ അഭിമാനം വാനോളം ഉയർത്തിയ കായിക പ്രതിഭകളെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. കഠിനാധ്വാനത്തിലൂടെയും മികച്ച പ്രകടനത്തിലൂടെയുമാണ് ടീം ഈ നേട്ടം കൈവരിച്ചതെന്നും, സർക്കാർ എല്ലാ പ്രോത്സാഹനവും നൽകുമെന്നും മന്ത്രി വി. ശിവൻകുട്ടി കൂട്ടിച്ചേർത്തു.

ഒക്ടോബർ 10 ന് ശ്രീനഗറിൽ നടന്ന ഫൈനൽ മത്സരത്തിൽ കരുത്തരായ മേഘാലയയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് കേരളം ചാംപ്യൻ പട്ടം കരസ്ഥമാക്കിയത്.



*69ാമത് ദേശീയ സ്കൂൾ ഫുട്ബോൾ ടൂർണമെന്റിൽ സീനിയർ കാറ്റഗറിയിൽ ചാമ്പ്യന്മാരായ കേരള സ്കൂൾ ടീം അംഗങ്ങൾ കിരീടവുമായി*

കളരി

ചീഫ് എഡിറ്റർ : ഡോ. രാജേഷ് കുമാർ ബി. എം.

ഇഷ്യു എഡിറ്റർ : ഡോ. എം. എസ്. ഹരികുമാർ

ന്യൂസ് ഡെസ്ക്ക് : അബി എം, പവിത്ര നായർ, യദു എ. വി.

റിപ്പോർട്ടിംഗ് ടീം : ബാസിം കെ, അനാമിക എം. ബിനു, ഹിരൺ എച്ച്. സി, നിത എം. സി, പാർവതി എ, എസ്, അഭിൻ പി. എസ്, ആതിര ജി. എസ്, സ്മൃതി ടി. എസ്, മുഹമ്മദ് അജ്മൽ എം.

ഡിസൈൻ & ലേഔട്ട് : യദു എ. വി.

https://dcjku.com/
dcjkerala@gmail.com